I.ഇ.ബി. XIIകേരള നിയമസഭ/VIII-4

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ജൂൺ 26, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

മി. സ്പീക്കർ: അടിയന്തിര പ്രമേയാവതരണത്തിനു ലഭിച്ച നോട്ടീസിൽ പറയുന്ന വിഷയം ഇന്നലെ ചർച്ച ചെയ്തതാണ്. എങ്കിൽപോലും സബ്മിഷനായി അവതരിപ്പിക്കാൻ അവസരം നൽകുന്നതാണ്.

**ശ്രദ്ധക്ഷണിക്കൽ**

(1) കരട് ബി.പി.എൽ. ലിസ്റ്റിൽ കടന്നുകൂടിയ അപാകതകൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആളുകളെ കണ്ടെത്താൻ നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ 336 പഞ്ചായത്തുകളിൽ പരസ്യപ്പെടുത്തിയ അവസാന ബി.പി.എൽ. ലിസ്റ്റിനെക്കുറിച്ച് പരക്കെ ആശങ്കയും ആക്ഷേപവും ഉയർന്നു വന്നിരിക്കുകയായണ്. പാവങ്ങളായ ആളുകളെ ഒഴിവാക്കുകയും ഗൾഫിലും മറ്റുതരത്തിലും ജോലിയുള്ള ആളുകൾ ഈ ലിസ്റ്റിൽ കടന്നു കൂടുകയും ചെയ്തിട്ടുണ്ട്. നൂറു ശതമാനവും സത്യസന്ധമായി പ്രസിദ്ധീകരിക്കേണ്ട

ലിസ്റ്റ് വളരെ മോശമായ രൂപത്തിൽ കൈകാര്യം ചെയ്തിരിക്കുന്നു. പ്രസ്തുത ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി അതാതു പ്രദേശത്തെ കുടംബശ്രീയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. അക്കാര്യത്തിൽ വളരെ ഗൂഢമായ നീക്കങ്ങൾ നടന്നിട്ടുണ്ട്. കേരളത്തിലെ 20 ലക്ഷം ബി.പി.എൽ-കാരുടെ ലിസ്റ്റുണ്ടാകേണ്ടത് 11 ലക്ഷമായി ചുരുക്കാനുള്ള നീക്കമാണ് നടന്നത്. അപാകത പരിഹരിക്കാൻ വേണ്ടിയുള്ള അപേക്ഷ കൊടുക്കാനുള്ള സമയം നീട്ടിക്കൊടുക്കണം. നിലവിലുള്ള ലിസ്റ്റിൽ വന്നിട്ടുള്ള അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം അനുസരിച്ച് 23 ലക്ഷത്തിൽപരം കുടുംബങ്ങൾക്ക് കിട്ടിയിരുന്ന ആനുകൂല്യം ഇപ്പോൾ പത്തുലക്ഷത്തിൽപരം കുടുംബങ്ങൾക്കായി ചുരുക്കുകയാണുണ്ടായത്. വളരെ വ്യക്തമായ മാനദണ്ഡം വച്ച് പരസ്യമായി പരിശോധന നടത്തിക്കൊണ്ടാണ് ആളുകളെ നിശ്ചയിക്കുന്നത്. അപാകതകൾ ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കാൻ സംവിധാനം ഒരുക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് കേരളത്തിലെ ഗ്രാമ പ്രദേശങ്ങളിൽ 2003-ൽ സെൻസസ് നടത്തി ശേഖരിച്ച വിവരങ്ങൾ കാലപ്പഴക്കംകൊണ്ടും കുടുബങ്ങളുടെ ഭൗതിക സാമ്പത്തിക സാഹചര്യങ്ങൾക്കുണ്ടായ മാറ്റങ്ങൾകൊണ്ടും പട്ടികജാതി/പട്ടികവർഗ്ഗ മത്സ്യത്തൊഴിലാളി തുടങ്ങിയ വിഭാഗങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ ലഭ്യമല്ലാത്തതുകൊണ്ടും പരിമിതികൾ ഉണ്ടായിരുന്നു. ഈ കുടുബങ്ങളുടെ ശരിയായ വിവരങ്ങൾ ശേഖരിക്കുന്നതിന് കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ

എന്നിവയുടെ പരിശോധനയ്ക്ക് വിധേയമാക്കി ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചു. അതിന്റെയടിസ്ഥാനത്തിൽ കരട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശവും നൽകി കരട് പട്ടികയിലെ അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷകൊടുക്കാനുള്ള തീയതി നീട്ടിക്കൊടുക്കണമെന്ന നിർദ്ദേശം പരിശോധിക്കാം.

(2) രാസവള ക്ഷാമം

ശ്രീ. രാജാജി മാത്യൂ തോമസ്: കേരളത്തിൽ രാസവളങ്ങളുടെ ദൗർലഭ്യം കാർഷിക മേഖലയിൽ ഗുരുതരമായ സ്ഥിതിവിശേഷമാണ് സൃഷ്ടിച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് കേരളത്തിന് നൽകിക്കൊണ്ടിരിക്കുന്ന രാസവളത്തിന്റെ ക്വാട്ട ഗണ്യമായി വെട്ടിക്കുറച്ചതാണ് പ്രധാന കാരണം. വിദേശ വിപണിയിൽ രാസവളങ്ങളുടേയും അസംസ്കൃത സാധനങ്ങളുടേയും വില വർദ്ധിച്ചതിനെത്തുടർന്ന് ഇറക്കുമതി ഗണ്യമായി കുറഞ്ഞതുകൊണ്ട് എഫ്.എ.സി.ടി അടക്കമുള്ള രാസവള നിർമ്മാണശാലകൾ ഏതാണ്ട് പ്രവർത്തനരഹിതമായിരിക്കുന്നു. രാസവളങ്ങൾ കൃഷിക്കാർക്ക് യഥാസമയം ലഭ്യമാക്കുമെന്ന് ഉറപ്പു വരുത്തിയില്ലെങ്കിൽ ഗവൺമെന്റ് പ്രഖ്യാപിച്ച കാർഷിക പദ്ധതികളെല്ലാം അട്ടിമറിക്കപ്പെടും. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ സജീവമായി ഇടപെടണം. കെട്ടിക്കിടക്കുന്ന രാസവളങ്ങൾ കർഷകരുടെമേൽ അടിച്ചേൽപ്പിക്കുന്നതിനു വേണ്ടിയുള്ള ശ്രമം നടക്കുന്നുണ്ട്. രാസവള അലോട്ടുമെന്റ് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് നടത്താൻപോകുന്ന യോഗത്തിൽ വളരെ ശക്തമായി കേരളത്തിലെ പ്രശ്നങ്ങൾ ഉന്നയിച്ച് പരിഹാരം കണ്ടെത്തണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കഴിഞ്ഞ മാസം മുതൽ കേരളത്തിൽ രാസവളക്ഷാമം നേരിടുന്നുണ്ട്. രാജ്യത്തെ രാസവള

വിതരണം കേന്ദ്ര രാസവള മന്ത്രാലയത്തിന്റെ പൂർണ്ണ നിയന്ത്രണത്തിലാണ്. രാസവള വിതരണത്തിനായി വെബ് സൈറ്റോടുകൂടി ഫെർട്ടിലൈസർ മോണിറ്ററിംഗ് സംവിധാനം നിലവിലുണ്ട്. കൃഷി സീസണുകൾക്കു മുൻപായി എല്ലാ വർഷവും കേന്ദ്ര സർക്കാർ സോണൽ മീറ്റിംഗുകൾ വിളിച്ചു ചേർത്ത് ഓരോ സംസ്ഥാനങ്ങൾക്കുമുള്ള രാസവള ക്വാട്ട നിശ്ചയിക്കും. കരീഫ് സീസണിൽ കേരളത്തിലേയ്ക്ക് 75,000 ടൺ യൂറിയയും 20,000 ടൺ ഡൈ അമോണിയം ഫോസ്ഫേറ്റും 70,000 ടൺ പൊട്ടാഷ്യവും 98,000 ടൺ കോംപ്ലക്സ് വളവും എന്ന നിലയിലാണ് ക്വാട്ട നിശ്ചയിക്കുന്നത്. എല്ലാമാസവും 20-ാം തീയതിയോടുകൂടി അടുത്ത മാസത്തെ സപ്ലൈ പ്ലാൻ കൃഷിവകുപ്പ് തയ്യാറാക്കി കേന്ദ്ര രാസവള മന്ത്രാലയത്തിനു സമർപ്പിക്കും. അതനുസരിച്ച് അവർ അനുവദിക്കുന്ന അളവ് മാത്രമേ വളം കമ്പനികൾക്ക് സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യാൻ കഴിയൂ. രാസവളത്തിന്റെ ക്ഷാമം നേരിട്ട കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ ഇത് സംബന്ധിച്ച് കേന്ദ്ര രാസവള മന്ത്രാലയവുമായി കത്തിടപാടുകൾ നടത്തുകയും ചർച്ച ചെയ്യുകയും ചെയ്തിരുന്നു. യൂറിയ, പൊട്ടാഷ്യം എന്നിവയ്ക്ക് അധിക ക്ഷാമം അനുഭവപ്പെടാതിരുന്നത് എഫ്.എ.സി.ടി. ഇഫ്കോ, എം.സി.എഫ്.എം.എൽ. എന്നീ സ്ഥാപനങ്ങളിൽനിന്ന് ഇവ ലഭ്യമാകുന്നതുകൊണ്ടാണ്. ജൂലൈ മാസത്തെ അലോക്കേഷനിൽനിന്ന് കേരളത്തിലെ പ്രമുഖ വിതരണക്കാരായ എഫ്.എ.സി.ടി.യേയും ഇഫ്കോ യേയും കേന്ദ്ര രാസവള മന്ത്രാലയം ഒഴിവാക്കിയിരിക്കുകയാണ്. ഇവർക്ക് 5,000 ടൺ വീതം അലോക്കേഷൻ നൽകിയില്ലെങ്കിൽ കേരളത്തിൽ ക്ഷാമം നേരിടുമെന്നും ഇതിന് പരിഹാരം കാണണമെന്ന് കൃഷിവകുപ്പും സംസ്ഥാന സർക്കാരും കേന്ദ്രത്തോട്

ആവശ്യപ്പെട്ടിട്ടുണ്ട്. ഫാക്ടംഫോസിന്റെ ഉൽപ്പാദനം എഫ്.എ.സി.ടി പകുതിയിലേറെ വെട്ടിക്കുറച്ചതാണ് ക്ഷാമത്തിന് ഇടയായത്. അത് സംബന്ധിച്ച് എഫ്.എ.സി.ടി.യുമായി നേരിട്ട് ചർച്ച നടത്തി പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞിട്ടുണ്ട്. ജൂലൈ മാസത്തിൽ കേരളത്തിൽ 18,959 ടൺ ഫോസ്ഫറസ് ആവശ്യമുണ്ടായിട്ടും എഫ്.എ.സി.ടി.ക്ക് അലോട്ട്മെന്റ് നൽകാതിരിക്കുകയും ഇഫ്കോയ്ക്ക് നാമമാത്രമായ അലോക്കേഷൻ നൽകുകയും മാത്രമാണ് ചെയ്തിട്ടുള്ളത്. ഈ സാഹചര്യത്തിൽ 16.6.2008-ൽ സംസ്ഥാന കൃഷി വകുപ്പുമന്ത്രി വളം നിർമ്മാണ സ്ഥാപനങ്ങളിലെ പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായി. സംസ്ഥാനത്തിന്റെ രാസ വളക്ഷാമം പരിഹരിക്കുന്നതിന് എഫ്.എ.സി.ടി വഴിയും ഇഫ്കോ വഴിയും കൂടുതൽ അലോക്കേഷൻ ഉണ്ടാക്കണമെന്നും അടിയന്തിര നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര രാസവള വകുപ്പു മന്ത്രിക്ക് രണ്ടുതവണ അടിയന്തിര ഫാക്സ് സന്ദേശം അയച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവർക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന കൃഷിവകുപ്പ് ഈ വിഷയം കേന്ദ്ര കൃഷിവകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. കഴിഞ്ഞ മാസം 30-ാം തീയതി ഡൽഹിയിൽ വച്ചു കൂടിയ അവലോകനയോഗത്തിൽ സംസ്ഥാന കൃഷിവകുപ്പ് ഡയറക്ടർ അതീവ ഗുരുതരമായ ഈ സ്ഥിതിവിശേഷം അവതരിപ്പിക്കുകയും ക്വാട്ട വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. നാളെ ഡൽഹിയിൽ നടക്കുന്ന അവലോകന യോഗത്തിലും ഇക്കാര്യം അവതരിപ്പിക്കുന്നതാണ്.

**സബ്മിഷൻ**

(1) <u>മലയാള മനോരമ പത്രപ്രവർത്തകർക്ക് നേരെയുണ്ടായ ആക്രമണം</u>

<u>ശ്രീ. കെ. എം. മാണി</u>: കോട്ടയത്തെ മലയാള മനോരമ ആഫീസ് കല്ലെറിഞ്ഞ് കേടുപാടുകൾ വരുത്തുകയും അതിക്രമിച്ച് കയറി മാധ്യമപ്രവർത്തകരെ ആക്രമിക്കുകയും ചെയ്ത സംഭവത്തിന്മേൽ ശക്തമായ നടപടി സ്വീകരിക്കുമെന്ന് ആഭ്യന്തര വകുപ്പുമന്ത്രി ഇന്നലെ സഭയ്ക്ക് ഉറപ്പ് നൽകിയെങ്കിലും വളരെ ദുർബലമായ വകുപ്പുകൾ ചേർത്ത് കേസ് എടുക്കുകയും പ്രതികളെ ഉടൻതന്നെ വിട്ടയയ്ക്കുകയും ചെയ്തത് ആക്ഷേപകരമാണ്. പത്രപ്രവർത്തകരെ മർദ്ദിച്ചവർക്കെതിരെ ഐ.പി.സി. 308, 326, 452 എന്നീ വകുപ്പുകൾ ചേർത്ത് കേസ്സെടുക്കുകയും അന്വേഷണത്തിന് ഒരു ഉന്നത പോലീസ് ഉദ്യോഗസ്ഥനെ നിയോഗിക്കുകയും ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): മലയാള മനോരമയുടെ ഫോട്ടോഗ്രാഫർക്കും മറ്റ് മാധ്യമപ്രവർത്തകർക്കും നേരെ നടന്ന ആക്രമണം സംബന്ധിച്ച പ്രശ്നത്തിൽ സർക്കാർ ഗൗരവമായി ഇടപെടുകയും ആക്രമണത്തിൽ പരുക്ക് പറ്റിയവരുടെ മൊഴി അനുസരിച്ച് ഐ.പി.സി. 143, 147, 149, 323, 427 എന്നീ വകുപ്പുകൾ പ്രകാരം പോലീസ് കേസ് എടുക്കുകയും 10 പേരെ പിടികൂടുകയും ചെയ്തിട്ടുണ്ട്. പത്ര മാധ്യമ പ്രവർത്തകർക്ക് നേരെ നടക്കുന്ന കയ്യേറ്റത്തെ സർക്കാർ ഗൗരവമായി കാണും. ഇൻവെസ്റ്റിഗേഷന്റെ അടിസ്ഥാനത്തിൽ കൂടുതൽ വകുപ്പുകൾ ചേർക്കണമെന്നുണ്ടെങ്കിൽ അതിന് വേണ്ട നിർദ്ദേശം നൽകും.

പത്രസ്വാതന്ത്ര്യത്തിന് ഹാനികരമായിട്ടുള്ള പ്രവർത്തനം ആര് നടത്തിയാലും അത് സർക്കാർ ഗൗരവമായി കാണും.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി): മലയാള മനോരമ ഓഫീസ് ആക്രമിച്ച സംഭവത്തിൽ ശക്തമായ നടപടി സ്വീകരിക്കുമെന്ന് വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം സഭയ്ക്ക് ഉറപ്പ് നൽകിയെങ്കിലും പ്രതികളെ ഉടൻ തന്നെ വിട്ടയയ്ക്കുകയാണ് ചെയ്തത്. ആഭ്യന്തര വകുപ്പുമന്ത്രി സഭയിൽ തന്ന ഉറപ്പ് ലംഘിക്കുകയും ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തുകയും ചെയ്തിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗങ്ങളായ സർവ്വശ്രീ കെ. എം. മാണി, സി. എഫ്. തോമസ്, കെ.സി. ജോസഫ് എന്നിവർ സംഭവസ്ഥലം സന്ദർശിക്കുകയും സ്ഥിതിഗതികൾ നേരിട്ട് വിലയിരുത്തുകയുമുണ്ടായി. മലയാള മനോരമ ഫോട്ടോഗ്രാഫർ ശ്രീ. പ്രദീപിനെ എസ്.എഫ്.ഐ. വനിതാ നേതാവ് അടക്കം മർദ്ദിക്കുകയും അടിയേറ്റ് വീണ പ്രദീപ് ഒരു പോലീസ് ജീപ്പിൽ കയറി രക്ഷപ്പെടാൻ ശ്രമിച്ചപ്പോൾ പോലീസ് ജീപ്പ് തടഞ്ഞുനിർത്തി വീണ്ടും മർദ്ദിക്കുകയാണുണ്ടായത്. സംഭവ സ്ഥലത്തുനിന്ന് പ്രതികളെ പിടികൂടിയെങ്കിലും ജാമ്യം കിട്ടത്തക്ക വകുപ്പുകൾ ചേർത്ത് കേസ് ചാർജ്ജ് ചെയ്ത് അവരെ വിട്ടയയ്ക്കുകയുണ്ടായി. മാധ്യമ പ്രവർത്തകർക്ക് നേരെയുണ്ടാകുന്ന ആക്രമങ്ങളിൽ ശക്തമായ നിലപാടെടുക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നുവെങ്കിലും തികച്ചും കടകവിരുദ്ധമായാണ് പ്രവർത്തിച്ചിരിക്കുന്നത്. ഇത് നിയമവാഴ്ചയോടുള്ള വെല്ലുവിളിയാണ്. ഈ കേസിൽ പ്രതികൾക്കെതിരെ നിയമപരമായി ശിക്ഷാ നടപടികൾ എടുക്കണം.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭ വിട്ട് പുറത്തുപോവുകയും അൽപ സമയത്തിനുള്ളിൽ തിരിച്ചുവരികയും ചെയ്തു)

(2) ഗുരുവായൂർ - താനൂർ റെയിൽപാതയുടെ നിർമ്മാണം

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: ഗുരുവായൂർ - താനൂർ റെയിൽപാത യാഥാർത്ഥ്യമാക്കാൻ അടിയന്തിര നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): തൃശ്ശൂർ ജില്ലയിൽ ചാവ ക്കാട്, തലപ്പിള്ളി താലൂക്കുകളിലെ 10 വില്ലേജുകളിൽക്കൂടി കടന്നുപോകുന്ന നിർദ്ദിഷ്ട ഗുരുവായൂർ-താനൂർ റെയിൽവേ ലൈനിന് 17 കിലോമീറ്റർ ദൈർഘ്യമുണ്ട്. അതിൽ 8 കിലോമീറ്ററിലധികം വരുന്ന പാതയ്ക്കുള്ള ഭൂമി യുടെ റിക്വിസിഷൻ റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. 27 ഹെക്ടറോളം ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ബാക്കി പാതയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കു ന്നതിന് റെയിൽവേയ്ക്ക് റിക്വിസിഷൻ സമർപ്പിക്കേണ്ടതുണ്ട്. ഭൂമി ഏറ്റെടു ക്കൽ നടപടി പുരോഗമിച്ചുവരികയാണ്. ഗുരുവായൂർ-കുറ്റിപ്പുറം റെയിൽപ്പാ തയ്ക്കാവശ്യമായ പ്രൊപ്പോസൽ റെയിൽവേയ്ക്ക് സമർപ്പിച്ചുവെങ്കിലും അത് പ്രായോഗികമല്ലെന്ന് അവർ വ്യക്തമാക്കുകയുണ്ടായി. കൂടാതെ നിർദ്ദിഷ്ട വില്ലേജുകൾ ജനസാന്ദ്രതയുള്ളതായതിനാൽ നിലവിലുള്ള അലൈൻമെന്റിൽ മാറ്റം വരുത്തണമെന്നും കനോലികനാലിന് സമാന്തരമായ പാതയെക്കുറിച്ച് പഠനം നടത്തണമെന്നുമുള്ള ബന്ധപ്പെട്ട ജനപ്രതിനിധി കളുടെ ആവശ്യത്തെത്തുടർന്ന് ഒരുമാസത്തിനകം ഇതുസംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ റെയിൽവേ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്ന താണ്.

(3) വല്ലാർപാടം ടെർമിനലിനുവേണ്ടി സ്ഥലം ഏറ്റെടുക്കൽ

<u>ശ്രീ. കെ. ബാബു:</u> വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനലിന് റെയിൽ-റോഡ് കണക്ടിവിറ്റിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് ജോലികൾ പൂർത്തിയാക്കി പുനരധിവാസ പാക്കേജ് നടപ്പിലാക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ)</u>: വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനൽ പദ്ധതിക്കാവശ്യമായ നാലുവരിപ്പാതയ്ക്കും റെയിൽവേപ്പാതയ്ക്കും വേണ്ടിയുള്ള സ്ഥലമെടുപ്പിനെത്തുടർന്ന് കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് അർഹമായ നഷ്ടപരിഹാരവും പകരം ഭൂമിയും മറ്റ് ആവശ്യങ്ങളും നൽകാൻ ഉത്തരവ് ഇറക്കിയിട്ടുണ്ട്. വല്ലാർപാടം പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാനും ഇതുമായി ബന്ധപ്പെട്ട് കോടതി നിഷ്ക്കർഷിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ ആവശ്യമായ മുഴുവൻ ഭൂമിയും ഏറ്റെടുത്തു നൽകാനും ശ്രമിക്കുന്നതോടൊപ്പം കുടിയൊഴിപ്പിക്കുന്നവരുടെ പുനരധിവാസം ഉറപ്പാക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

### (4) <u>ഹജ്ജ് തീർത്ഥാടനത്തിനുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. എ.എം. യൂസഫ്</u>: കേരളത്തിൽ നിന്നും ഹജ്ജിനുപോകാൻ 29054 പേർ അപേക്ഷ കൊടുത്തുവെങ്കിലും 7028 പേർക്കാണ് നറുക്കെടുപ്പിലൂടെ അവസരം കിട്ടിയിട്ടുള്ളത്. കേന്ദ്ര ഹജ്ജ് കമ്മിറ്റിയുമായി ബന്ധപ്പെട്ട് അർഹതപ്പെട്ട ക്വാട്ട നേടിയെടുക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി <u>(ശ്രീ.പാലോളി മുഹമ്മദ് കുട്ടി):</u> കേരളത്തിൽ നിന്നും 29054 പേർ ഹജ്ജിനു പോകാൻ അപേക്ഷിച്ചിരുന്നുവെങ്കിലും കേന്ദ്ര ഹജ്ജ് കമ്മിറ്റി സംസ്ഥാനത്തിന് അനുവദിക്കപ്പെട്ട ക്വാട്ട 7028 ആണ്. ചില സംസ്ഥാനങ്ങളിൽ അനുവ

ദിക്കപ്പെട്ട മുഴുവൻ ക്വാട്ടയിലും പോകാൻ അപേക്ഷകരില്ലാത്ത സ്ഥിതിയുണ്ട്. സംസ്ഥാനങ്ങളിലെ മുസ്ലീം ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ക്വാട്ട നിശ്ചയിക്കുന്ന നിലവിലുള്ള രീതിമാറ്റി ഓരോ വർഷത്തേയും അപേക്ഷകരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ക്വാട്ട നിശ്ചയിക്കണമെന്നും മുൻ വർഷങ്ങളിൽ അവസരം ലഭിക്കാത്ത വെയിറ്റിംഗ് ലിസ്റ്റിലുള്ള 65 വയസ്സ് കഴിഞ്ഞവർക്ക് അവസരം നൽകണമെന്നും കേന്ദ്ര ഹജ്ജ് കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാർ ക്വാട്ടയിൽ അപേക്ഷിച്ച് അവസരം ലഭിക്കാത്തവരുള്ളപ്പോൾ സ്വകാര്യ ട്രാവൽ ഏജൻസികൾക്ക് വർദ്ധിച്ച തോതിൽ സീറ്റ് കൊടുക്കുന്നതിൽ അപാകതയുണ്ടെന്നും ഇത് പരിഹരിക്കണമെന്നും സംസ്ഥാന സർക്കാരും സംസ്ഥാന ഹജ്ജ് കമ്മിറ്റിയും കേന്ദ്ര അധികൃതരുടെ ശ്രദ്ധയിൽ പല തവണ കൊണ്ടുവന്നിട്ടുണ്ട്. ഇനിയും ശ്രമം തുടരുന്നതാണ്.

(5) <u>മട്ടാഞ്ചേരി ബി.ഒ.ടി. പാലത്തിലെ ടോൾ പിരിവ്</u>

<u>ശ്രീ. സി. എം. ദിനേശ് മണി</u>: . 2005-ൽ യു.ഡി.എഫ്. ഗവൺമെന്റ് ഒപ്പു വച്ച മട്ടാഞ്ചേരി ബി.ഒ.ടി. പാലത്തിന്റെ കരാറിനെ സംബന്ധിച്ച് വിജിലൻസ് എൻക്വയറി നടത്തുകയും അന്യായമായ ടോൾ പിരിവ് അവസാനിപ്പിക്കാൻ സത്വര നടപടി സ്വീകരിക്കുകയും ചെയ്യണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി <u>(ശ്രീ.പാലോളി മുഹമ്മദ് കുട്ടി):</u> മട്ടാഞ്ചേരി ബി.ഒ.ടി. പാലത്തിന്റെ നിർമ്മാണവും നടത്തിപ്പും കൈമാറ്റവും സംബന്ധിച്ച് ഗാമൺ ഇന്ത്യ ലിമിറ്റഡുമായി ഒപ്പു വച്ച കരാർ റദ്ദ് ചെയ്ത് ടോൾ പിരിക്കാനുള്ള അവകാശം കൊച്ചി വികസന അതോറിറ്റിക്ക് കൈമാറുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയും കൊച്ചി വികസന അതോറിറ്റിയുടെ വിശദീകരണം

ആവശ്യപ്പെട്ടിരിക്കുകയുമാണ്. വിശദീകരണം ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(6) പലകപ്പാണ്ടി ഡൈവർഷൻ പദ്ധതി പ്രവർത്തനം

ശ്രീ. വി. ചെന്താമരാക്ഷൻ: രണ്ടു റീച്ചുകളുടെ പണി പൂർത്തീകരിച്ചിട്ടുള്ള പലകപ്പാണ്ടി ഡൈവർഷൻ പദ്ധതിയുടെ മുഴുവൻ പണിയും പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും മഴക്കാലത്ത് ലഭിക്കുന്ന വെള്ളം പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കുകയും ചെയ്യണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പലകപ്പാണ്ടി ഡൈവർഷൻ പദ്ധതിയുടെ ഒന്നും രണ്ടും റീച്ചുകളുടെ പണി പൂർത്തിയായിട്ടുണ്ട്. മൂന്നാമത്തെ റീച്ചിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. നാലാമത്തെ റീച്ചിന്റെ പണികൾ നടന്നുകൊണ്ടിരുന്ന സമയത്ത് ചില ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് അത് തടസ്സപ്പെട്ടത്. നബാർഡിന്റെ സ്കീമിൽ ഉൾപ്പെടുത്തി ഉദ്യോഗസ്ഥ തലത്തിൽ മീറ്റിംഗ് വിളിച്ചു കൂട്ടി സമയബന്ധിതമായി പണി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(7) ഒറ്റപ്പാലം വാണിയംകുളത്ത് ഐ.ടി.ഐ. ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. ഹംസ: ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ വാണിയംകുളത്ത് ഐ.ടി.ഐ. സ്ഥാപിക്കാനാവശ്യമായ സ്ഥലം നൽകാമെന്നും കെട്ടിടം നിർമ്മിക്കാനാവശ്യമായ തുക എം.എൽ.എ. ഫണ്ടിൽ നിന്നും നൽകാമെന്നും ഉറപ്പു തന്നിരിക്കുന്നതിനാൽ ഈ

അദ്ധ്യയനവർഷം തന്നെ അവിടെ ഐ.ടി.ഐ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): സ്ഥലവും കെട്ടിടവുമുൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ ഐ.ടി.ഐ.കൾ ആരംഭിക്കണമെന്നുള്ളതാണ് സർക്കാരിന്റെ നയം. പുതിയ ഐ.ടി.ഐ. കളുടെ ലിസ്റ്റിൽ വാണിയംകുളത്തേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ശുപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(8) മാധ്യമ പ്രവർത്തകന്റെ വീട് അക്രമിക്കപ്പെട്ട സംഭവം

ശ്രീ. വി.എസ്. സുനിൽകുമാർ: തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ സീനിയർ പത്രപ്രവർത്തകനും കേരള കൗമുദി പത്രത്തിന്റെ ലേഖകനുമായ മിത്രന്റെ വീടും പോർച്ചിൽ കിടന്നിരുന്ന കാറും ബൈക്കും ആർ.എസ്.എസ്. ബി.ജെ.പി. പ്രവർത്തകർ ആക്രമിച്ചു നശിപ്പിക്കുകയുണ്ടായി. കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ ബി.ജെ.പി.-ആർ.എസ്.എസ്. പ്രവർത്തകർ നടത്തുന്ന ഗുണ്ടാവിളയാട്ടം അവസാനിപ്പിക്കാനും പ്രതികളെ അറസ്റ്റു ചെയ്യാനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ സീനിയർ പത്രപ്രവർത്തകനും കേരള കൗമുദി പത്രത്തിന്റെ ലേഖകനുമായ മിത്രന്റെ വീടും പോർച്ചിൽ കിടന്നിരുന്ന കാറും ബൈക്കും നശിപ്പിച്ച സംഭവത്തിൽ ഇന്ത്യൻ ശിക്ഷാ നിയമവും സ്ഫോടകവസ്തു നിയമവും പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. സുനിൽ എന്ന ആളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മറ്റ് പ്രതികളെ കണ്ടെത്തുന്നതിന് മാള സർക്കിൾ

ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ അന്വേഷണ നടപടികൾ ഊർജ്ജിതമാക്കാനാവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

(9) <u>കൃഷിഭൂമിയിൽ ഉപ്പു വെള്ളം കയറുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. സി.കെ. സദാശിവൻ:</u> കായംകുളം കായലിലും പരിസര പ്രദേശങ്ങളിലും ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നത് തടയാൻ കായൽ തീരത്ത് കരിങ്കൽ ഭിത്തി നിർമ്മിച്ച് റിംഗ് ബണ്ടുകൾ സ്ഥാപിക്കാനും തോടുകളിൽ സ്ലൂയിസ്-കം-കൾവർട്ട് സ്ഥാപിക്കാനും കൃഷി വകുപ്പും ജലസേനച വകുപ്പും സംയുക്തമായി നടപടികൾ സ്വീകരിക്കണം.

ജലവിഭവവകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ):</u> കായംകുളം കായലിലും പരിസര പ്രദേശങ്ങളിലും ഉപ്പുവെള്ളം കയറി കൃഷി നശിക്കാതിരിക്കാൻ ശാശ്വത പരിഹാരമെന്ന നിലയിൽ കായൽ തീരത്ത് കരിങ്കൽ ഭിത്തി നിർമ്മിച്ച് റിംഗ് ബണ്ടുകൾ സ്ഥാപിക്കാനും തോടുകളിൽ സ്ലൂയിസ്-കം-കൾവർട്ട് സ്ഥാപിക്കാനും കൃഷി വകുപ്പും ജലസേചന വകുപ്പും സംയുക്തമായി പ്രോജക്ട് തയ്യാറാക്കാനാവശ്യമായ പദ്ധതി ആവിഷ്ക്കരിക്കുന്നതാണ്.

(10) <u>ദേശീയപാത നിയമം ഭേദഗതി</u>

<u>ശ്രീ. വി.എൻ. വാസവൻ:</u> കോട്ടയം-കുമിളി കെ.കെ. റോഡിനെ കൊല്ലം-തേനി എൻ.എച്ച് 220-ന്റെ ഭാഗമാക്കി 35 മീറ്റർ വൈഡനിംഗ് നിർദ്ദേശിച്ചിരിക്കുന്നതിന്റെ ഫലമായി അവിടെ കെട്ടിട നിർമ്മാണ പ്രക്രിയ അസാദ്ധ്യമായിരിക്കുകയാണ്. ഈ റോഡിനെ മലയോര ഹൈവേയുടെ പരിധിയിൽപ്പെടുത്തി പട്ടണപ്രദേശങ്ങളിലെ റോഡിന്റെ മധ്യഭാഗത്തു നിന്നുള്ള വീതി 18 മീറ്ററും മറ്റു സ്ഥലങ്ങളിൽ 25 മീറ്ററുമാക്കി നിയമഭേദഗതി വരുത്തി പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ദേശീയ പാതയുടെയും മറ്റു പ്രധാന പാതകളുടെയും മധ്യഭാഗത്തു നിന്നും നിശ്ചിത ദൂരത്തിൽ ബിൽഡിംഗ് ലൈനും കൺട്രോൾ ലൈനും നിശ്ചയിച്ച് കേന്ദ്ര ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ഒരു മാറ്റവും വരുത്താൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഇതു സംബന്ധിച്ച് സബജ്ക്ട് കമ്മിറ്റിയുടെ ശുപാർശയും ഗവൺമെന്റിനു ലഭിച്ചിട്ടുണ്ട്. ശുപാർശയുടെ അടിസ്ഥാനത്തിലും ഇന്നത്തെ റോഡുകളുടെ സാഹചര്യം പരിശോധിച്ചുകൊണ്ടും അന്തിമമായ തീരുമാനം എത്രയും പെട്ടെന്ന് കൈക്കൊള്ളുന്നതാണ്.

(11) പാഠപുസ്തകം പിൻവലിക്കണമെന്നാവശ്യപ്പെട്ട് നടത്തുന്ന നിരാഹാരസമരം

ശ്രീ. പി.സി. വിഷ്ണുനാഥ്: നിലവാരമില്ലാത്തതും പുതിയ തലമുറയെ തകർക്കുന്നതുമായ 7-ാം ക്ലാസ്സിലെ സാമൂഹ്യപാഠപുസ്തകം പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരാഹാര സമരം നടത്തുന്ന കെ.എസ്.യു. നേതതാക്കളുടെ ജീവൻ രക്ഷിക്കാനും അവരുടെ രക്ഷിതാക്കളെ ഭീഷണിപ്പെടുത്തുന്നതിൽ നിന്ന് അക്രമികളെ പിൻതിരിപ്പിക്കാനും പാഠപുസ്തകം പിൻവലിക്കാനും അടിയന്തിര നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഏഴാം ക്ലാസ്സിലെ പാഠപുസ്തകത്തെ സംബന്ധിച്ച ആക്ഷേപങ്ങൾ ഒരു വിദഗ്ദ്ധ സമിതിയുടെ പരിശോധനയക്ക് വിധേയമാക്കുന്നതിനും അതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും

ഗവൺമെന്റ് സന്നദ്ധമാണെന്ന് പ്രഖ്യാപിച്ച സാഹചര്യത്തിൽ നിരാഹാര സമരത്തിൽ നിന്നും കെ.എസ്.യു. പ്രവർത്തകർ പിൻമാറണമെന്നഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി) : സി.ബി.എസ്.ഇ. സിലബസിൽ പഠിക്കുന്ന കുട്ടികൾ ഉന്നത നിലവാരത്തിലുള്ള പാഠപുസ്തകങ്ങൾ പഠിക്കുമ്പോൾ സ്റ്റേറ്റ് സിലബസിൽ പഠിക്കുന്ന കുട്ടികൾ നിലവാരം കുറഞ്ഞ പാഠപുസ്തകങ്ങൾ പഠിക്കുന്നത് ശരിയാണോ?

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : ഇൻഡ്യയുടെ നാനാഭാഗത്തുനിന്നു വന്ന വിദ്യാഭ്യാസ വിദഗ്ദ്ധൻമാർ വിവിധ സ്കൂളുകളിൽ നേരിട്ട് നടത്തിയ പരിശോധനയിൽ സംസ്ഥാനത്തെ സ്കൂളുകളിലെ വിദ്യാർത്ഥികൾ നടത്തിക്കൊണ്ടിരിക്കുന്ന പഠനരീതിയിൽ അൽഭുതസ്തബ്ധരായി എന്നുള്ള വാർത്ത ഇന്നത്തെ ഇൻഡ്യൻ എക്സ്പ്രസ്സിൽ വന്നിട്ടുണ്ട്. കേരളത്തിൽ വിദ്യാഭ്യാസ നിലവാരം ഉയർന്നിട്ടുണ്ട്.

(12) സ്പൈസസ് പാർക്ക് ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ.കെ. ജയചന്ദ്രൻ : ഇടുക്കി ജില്ലയിലെ നെടുങ്കണ്ടത്ത് സ്പൈസസ് പാർക്ക് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : സ്പൈസസ് ബോർഡിന്റേയും കിൻഫ്രയുടേയും സംയുക്ത ആഭിമുഖ്യത്തിൽ ഇടുക്കി ജില്ലയിൽ ഒരു ഇന്റഗ്രേറ്റഡ് സ്പൈസസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനായി 13-2-2007 -ൽ കേന്ദ്രഗവൺമെന്റുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. ഇതിനായി 27 ഏക്കർ സ്ഥലം (നെടുങ്കണ്ടത്ത് 12 ഏക്കറും വ്യവസായ വകുപ്പിന്റെ കീഴിലുള്ള 15 ഏക്കറും) ഏറ്റെടുത്തിട്ടുണ്ട്. ബാക്കി ഭൂമി ഏറ്റെടുക്കുന്ന കാര്യം ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു.

ഏറ്റെടുത്ത ഭൂമിയിൽ സ്പൈസസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള സമ്മതപത്രം ഒപ്പിടാനുള്ള കരട് ധാരണാപത്രം സ്പൈസസ് ബോർഡ് ചെയർമാന് നൽകിയിട്ടുണ്ട്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : സ്ഥലം ഏറ്റെടുക്കുന്നതിന് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ബാക്കി സ്ഥലം ഉടൻ തന്നെ ഏറ്റെടുക്കുന്നതാണ്.

(13) ഐ.ടി.ഐ സ്ഥാപിക്കുന്നതിലുണ്ടായ കാലതാമസം

ശ്രീ. ബി. ബാബു പ്രസാദ് : ഹരിപ്പാട് നിയോജകമണ്ഡലത്തിൽ സർക്കാർ ഐ.ടി.ഐ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) : പുതിയ ഐ.ടിഐ കൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് 49 അപേക്ഷകൾ ലഭിച്ചിട്ടുള്ളതിൽ ഹരിപ്പാട് നിയോജകമണ്ഡലത്തിലേതും ഉൾപ്പെടുന്നുണ്ട്. മുൻഗണനാക്രമത്തിൽ ഐ.ടി.ഐ-കൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഹരിപ്പാട്ട് പുതിയ ഐ.ടി.ഐ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(14) സുനാമി പുനരധിവാസ പദ്ധതി

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സുനാമി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട തിരുവനന്തപുരം താലൂക്കിലെ പൂന്തുറയിലുള്ള 355 കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : സുനാമി പുനരധിവാസ ഭവന നിർമ്മാണ പദ്ധതി പ്രകാരം തിരുവനന്തപുരം താലൂക്കിലെ പൂന്തുറ വില്ലേജിൽപ്പെട്ട 355 കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ സർക്കാർ ഉത്തരവായിട്ടുള്ളതാണ്. പൂന്തുറ ഭാഗത്ത് ഭൂമി അപര്യാപ്തമായ സാഹചര്യ

ത്തിൽ കൂടുതൽ ഭൂമി മറ്റെവിടെയെങ്കിലും കണ്ടെത്തി ഈ വർഷാവസാന ത്തിനു മുൻപുതന്നെ പുനരധിവാസം പൂർത്തിയാക്കാനാണ് ഗവൺമെന്റ് ഉദ്ദേ ശിക്കുന്നത്.

(15) കൈവശ ഭൂമിക്ക് പട്ടയം

ശ്രീ. റോഷി അഗസ്റ്റിൻ : 1-1-1977-ന് മുൻപ് കൃഷിക്കാരുടെ കൈവശ ത്തിലിരിക്കുന്ന കൃഷി ഭൂമിയും പൊതുസ്ഥാപനങ്ങളുടെ ഭൂമിയും ഉൾപ്പെടു ത്തിയാണ് ലാന്റ് ബാങ്കിലേയ്ക്ക് ഭൂമി കണ്ടുകെട്ടാനുള്ള കണക്കെടുത്തിരി ക്കുന്നത് എന്ന വ്യാപകമായ ധാരണ ഇടുക്കി ജില്ലയിൽ പരന്നിട്ടുണ്ട്.. ഈ പ്രശ്നത്തിന് പരിഹാരം കാണാനും അർഹതയുള്ള ഭൂമിക്ക് പട്ടയം കൊടു ക്കാനുമുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : പുറംപോക്ക് ഭൂമി, തരിശ് ഭൂമി, മിച്ച ഭൂമി, അന്യാധീനപ്പെട്ട ഭൂമി, കണ്ടുകെട്ടിയ ഭൂമി ഇവയുടെ പട്ടിക തയ്യാറാക്കി വിവരം ശേഖരിച്ച് സംരക്ഷിക്കാനാണ് ഗവൺമെന്റ് ലക്ഷ്യ മിട്ടിരിക്കുന്നത്. വികസന ആവശ്യങ്ങൾക്കും ഭൂ രഹിതരായവർക്കും വിത രണം ചെയ്യുന്നതിന് പുറമെ കൈവശം വച്ചിരിക്കുന്ന അർഹതപ്പെട്ടവർക്ക് പട്ടയം കൊടുക്കുന്നതിനും വേണ്ടിയാണ് ലാന്റ് ബാങ്ക് രൂപീകരിച്ച് പ്രവർത്തനം നടത്തുന്നത്. അർഹതയുള്ളവർക്ക് ചുരുങ്ങിയ സമയത്തിനു ള്ളിൽ പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കും.

**ക്രമപ്രശ്നം**

സംസ്ഥാനത്തെ ലോഡ് ഷെഡ്ഡിംഗ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സംസ്ഥാനത്ത് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തുമെന്ന് എല്ലാ പത്രങ്ങളിലും വാർത്ത വന്നിട്ടുണ്ട്. നിയമസഭാ സമ്മേളനം നടക്കുന്ന ഈ അവസരത്തിൽ പ്രസ്തുത തീരുമാനം നിയമസഭ

യിൽ പറയാതെ പത്രത്തിൽ പരസ്യം കൊടുക്കുന്നത് നിയമസഭയോട് കാണിക്കുന്ന അവഹേളനമാണ്.

പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് യോഗങ്ങൾ സ്റ്റ്യാറ്റ്യൂട്ടറിയായി ചേരേണ്ടതാണ്. യോഗം ചേർന്നു കഴിഞ്ഞാൽ പത്രറിപ്പോർട്ട് കൊടുക്കും. അതിന്റെ ഭാഗമായിട്ടാണ് പത്രങ്ങളിൽ വാർത്ത വന്നിട്ടുള്ളത്. പവർകട്ടുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഒരു തീരുമാനവും എടുത്തിട്ടില്ല.

**റൂളിംഗ്**

മി. സ്പീക്കർ : പത്രങ്ങളിൽ വന്നിട്ടുള്ളത് സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഒരു ശുപാർശ മാത്രമാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. അതുകൊണ്ട് ക്രമപ്രശ്നം നിലനിൽക്കുന്നതല്ല

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

വൈദ്യുതി മേഖല നേരിടുന്ന അതീവ ഗുരുതരമായ പ്രതിസന്ധി പരിഹരിക്കുന്നതു സംബന്ധിച്ച് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന നടത്തി.

**റിപ്പോർട്ട് സമർപ്പണം**

(1) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സംബന്ധിച്ച സമിതിയുടെ പതിനേഴ് മുതൽ ഇരുപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(2) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

## 2008-09 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു:

ധനാഭ്യർത്ഥന നമ്പർ V - കാർഷികാദായ നികുതിയും വില്പന നികുതിയും

(66,69,62,000 രൂപ)

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു:

ധനാഭ്യർത്ഥന നമ്പർ VI - ഭൂനികുതി

(123,07,97,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XI - ജില്ലാഭരണവും പലവകയും

(161,01,27,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXVI - പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്

(131,97,33,000 രൂപ)

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയേയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയേയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ

ധനാഭ്യർത്ഥനയേയും സംബന്ധിച്ച് ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ എ.പി. അനിൽകുമാർ, ജി. കാർത്തികേയൻ, ബി. ബാബു പ്രസാദ്, എം.എ. വാഹീദ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അടൂർ പ്രകാശ്, വി.ഡി. സതീശൻ, ആര്യാടൻ മുഹമ്മദ്, എം. മുരളി, റോഷി അഗസ്റ്റിൻ, കെ. കുട്ടി അഹമ്മദ് കുട്ടി, സി.ടി. അഹമ്മദ് അലി, കെ. മുഹമ്മദുണ്ണി ഹാജി, എം. ഉമ്മർ, കെ.കെ. ഷാജു, കെ. ബാബു, ടി.എൻ. പ്രതാപൻ, ജോസഫ് എം. പുതുശ്ശേരി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ.എം. മുരളി : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം നികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രി വച്ചുപുലർത്തിയ പ്രതീക്ഷകളെല്ലാം വൃഥാവിലായി. സംസ്ഥാനത്തെ റവന്യൂവിന്റെ 65 ശതമാനം സംഭാവന ചെയ്യുന്ന കൊമേഴ്സ്യൽ ടാക്സസ് വകുപ്പിൽ കഴിഞ്ഞ ഒരു മാസമായി തലവനെ നിയമിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കണം. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നികുതി പിരിവിനത്തിൽ ദയനീയമായ പരാജയം ഉണ്ടായിരിക്കുന്നു. പ്രത്യക്ഷ നികുതിയിനത്തിൽ അഖിലേന്ത്യാ വളർച്ചാ നിരക്ക് 52 ശതമാനമായപ്പോൾ സംസ്ഥാനത്ത് കഴിഞ്ഞ വർഷം കൊമേഴ്സ്യൽ ടാക്സസ് വകുപ്പിൽ 11.48 ശതമാനം വളർച്ച മാത്രമേ കൈവരിക്കാൻ സാധിച്ചിട്ടുള്ളൂ. സംസ്ഥാനത്ത് വിലക്കയറ്റത്തിനും വ്യാപാര വർദ്ധനവിനും ആനുപാതികമായ നികുതി പിരിവ് ഉണ്ടായിട്ടില്ല. കഴിഞ്ഞ വർഷം പ്രതീക്ഷിച്ചതിൽനിന്നും 27 കോടി രൂപ കുറച്ചു മാത്രമേ നികുതി പിരിച്ചെടുക്കാൻ സാധിച്ചിട്ടുള്ളൂ. ഡെപ്യൂട്ടി കമ്മിഷണറെ

നിയമിക്കാത്തതുകാരണം നികുതി പിരിവിന്റെ ഏകദേശം പകുതിയോളം ലഭിക്കുന്ന എറണാകുളം ജില്ലയിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കേവലം 8.9 ശതമാനം വർദ്ധനവ് മാത്രമേ ഉണ്ടാക്കാൻ കഴിഞ്ഞുള്ളൂ. 30 ശതമാനത്തോളം നികുതി വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുന്ന കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഏതാണ്ട് 2.92 ശതമാനം വർദ്ധനവ് മാത്രമേ ഉണ്ടായിട്ടുള്ളൂ. നികുതി പിരിവിൽ ഇത്രമാത്രം തകർച്ച ഉണ്ടായതിന്റെ കാരണമെന്താണെന്ന് പരിശോധിക്കണം. ടാക്സ് കളക്ഷന്റെ കാര്യത്തിൽ സർക്കാർ ഗുരുതരമായ വീഴ്ച വരുത്തിയിരിക്കുന്നു. 2008-09 സാമ്പത്തിക വർഷം 11,600 കോടി രൂപയുടെ വാണിജ്യ നികുതി പിരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇക്കഴിഞ്ഞ ഏപ്രിൽ മാസം 522 കോടി രൂപ മാത്രമേ കളക്ട് ചെയ്യാൻ സാധിച്ചിട്ടുള്ളൂ. അഖിലേന്ത്യാ തലത്തിൽ 24 ശതമാനം വാറ്റ് കളക്ഷൻ ഉണ്ടായപ്പോൾ കേരളത്തിൽ അത് 11.48 ശതമാനമായി കുറഞ്ഞു. ടാക്സ് കളക്ഷൻ വർദ്ധിപ്പിക്കുന്നതിനായി കൊണ്ടുവന്ന ലക്കി വാറ്റും ഷോപ്പിംഗ് ഫെസ്റ്റിവലും പരാജയപ്പെട്ടു. പത്തനംതിട്ട, വയനാട്, കാസർഗോഡ് എന്നീ അതിർത്തി ജില്ലകളിലെ ഡെപ്യൂട്ടി കമ്മീഷണർമാരുടെ ഓഫീസുകൾ നിർത്തലാക്കിയത് നികുതിയുടെ വളർച്ചാ നിരക്ക് കുറക്കുന്നതിന് കാരണമായി. റിലയൻസ് പോലുള്ള കുത്തക കമ്പനികളെ നിയന്ത്രിക്കുന്നതിന് ഈ സർക്കാരിന് സാധിച്ചിട്ടില്ല. . സോഷ്യൽ സെക്യൂരിറ്റി സെസ്സ് ഒരു ശതമാനം ആക്കിയതിനെ ഫസ്റ്റ് പോയിന്റിൽ പരിമിതപ്പെടുത്തണം. 1990 കോടി രൂപയുടെ നികുതി പിരിവ് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഈ സ്റ്റേ വെക്കേറ്റ് ചെയ്യാൻ യാതൊരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല.

കഴിഞ്ഞ 2 വർഷം കൊണ്ട് 300 കോടി രൂപയുടെ നികുതി വ്യാജ 'സി' ഫോം നൽകുകവഴി നഷ്ടപ്പെട്ടിട്ടുണ്ട്. വിമാന ഇന്ധനത്തിന് നികുതി കുറച്ചതിന്റേയും സിം കാർഡിന് നികുതി ഇളവ് നൽകിയതിന്റെയും പ്രയോജനം സംസ്ഥാനത്തെ ജനങ്ങൾക്ക് കിട്ടിയിട്ടില്ല.

<u>ശ്രീ. വി. ശശികുമാർ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. യു.ഡി.എഫ്. ഭരണത്തിന്റെ തകർച്ചയിൽനിന്ന് സംസ്ഥാനത്തെ രക്ഷിക്കുന്നതിനും വികസനത്തിന്റെ പാതയിലേയ്ക്ക് കൊണ്ടുപോകുന്നതിനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ചെലവ് നിയന്ത്രിച്ചും വരുമാനം വർദ്ധിപ്പിച്ചും സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. ടാക്സ് കളക്ഷൻ 20 ശതമാനം വർദ്ധിച്ചിട്ടുണ്ട്. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചതും കേടായ റോഡുകൾ നന്നാക്കിയതും വിലക്കയറ്റം തടയുന്നതിന് 117 കോടി രൂപയുടെ ധനസഹായം നൽകിയതും സ്വാഗതാർഹമാണ്. ഓരോ നിയോജക മണ്ഡലത്തിലും 2 കോടി രൂപ വികസന പ്രവർത്തനങ്ങൾക്കായി അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അവ നടപ്പാക്കുന്നതിന് പി.ഡബ്ല്യൂ.ഡി. വകുപ്പിലെ ഉദ്യോഗസ്ഥരെ സജ്ജരാക്കണം. അവർക്കായി ഒരു വർക്ക്ഷോപ്പ് സംഘടിപ്പിക്കണം. അതിൽ എം.എൽ.എ. മാരെക്കൂടി പങ്കെടുപ്പിക്കാൻ തയ്യാറാകണം. അനാഥമായി കിടന്നിരുന്ന കേരളത്തിന്റെ 12,667 ഏക്കർ ഭൂമിയും 114 ഏക്കർ പാട്ട ഭൂമിയും 2 വർഷം കൊണ്ട് ഏറ്റെടുത്ത് ലാന്റ് ബാങ്കിൽ നിക്ഷേപിച്ചു. എൽ.ഡി.എഫ്.-ന്റെ നയങ്ങളെ ചെറുത്തുതോൽപ്പിക്കാനാകാതെ ജനവിരുദ്ധ സമരങ്ങൾ സൃഷ്ടിച്ചുകൊണ്ട് യഥാർത്ഥ പ്രശ്നങ്ങളിൽ നിന്ന് ഒളിച്ചോടുകയാണ് കോൺഗ്രസ് ചെയ്യുന്നത്. പാഠപുസ്തക വിവാദം അക്കാഡമിക് തലത്തിൽ പരിഹരി

ക്കാതെ അക്രമത്തിലേയ്ക്ക് വിദ്യാർത്ഥികളെ വലിച്ചിഴയ്ക്കുകയാണ് കോൺഗ്രസ്സ് നേതൃത്വം ചെയ്യുന്നത്.

ശ്രീ. സി.ടി. അഹമ്മദ് അലി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനം ഇപ്പോൾ ഭൂമാഫിയയുടെ കൈകളിലാണ്. അവരെ നിയന്ത്രിക്കുന്നതിന് ഗവൺമെന്റിന് കഴിയുന്നില്ല. സർക്കാർ ഭൂമി ആരൊക്കെ കയ്യേറിയെന്നോ സർക്കാർ ലീസിന് കൊടുത്ത ഭൂമി എത്രയെന്നോ ഉള്ള വ്യക്തമായ കണക്ക് ഇപ്പോൾ സർക്കാരിന്റെ പക്കൽ ഇല്ല. ഗോൾഫ് ക്ലബ്ബ്, എച്ച്.എം.ടി. ഭൂമി ഇടപാട് തുടങ്ങിയ സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളിൽ സർക്കാരിന് ഉത്തരവാദിത്വമുണ്ട്. ഗോൾഫ് ക്ലബിന്റെ കാര്യത്തിൽ രണ്ടു വകുപ്പുകൾ പരസ്പരം ഏറ്റുമുട്ടൽ നടത്തുകയാണ്. ഇതു സംബന്ധിച്ച് കോടതിയിൽ ഏകാഭിപ്രായം രേഖപ്പെടുത്താൻ സർക്കാരിന് സാധിച്ചിട്ടില്ല. ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കണം. കിസാൻ ഇൻഷ്വറൻസ് പദ്ധതി, ഭക്ഷ്യ സുരക്ഷാ പദ്ധതി തുടങ്ങിയവയുടെ കാര്യത്തിലും മുന്നണിയിൽ ഏകാഭിപ്രായമില്ല. കോടിക്കണക്കിന് രൂപ വില മതിക്കുന്ന ഡെൽഹിയിലെ ട്രാവൻകൂർ ഹൗസ്, കപൂർത്തല പ്ലോട്ട് എന്നിവയുടെ ആധാരങ്ങളും മറ്റും ആരുടെ കയ്യിലാണെന്ന് വ്യക്തമല്ലാത്തതിനാൽ അവിടെ പല വികസന പദ്ധതികളും ഉപേക്ഷിക്കേണ്ടിവന്നു. ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കണം. ഭക്ഷ്യ സുരക്ഷാ പദ്ധതിക്കായി അനുവദിച്ച **1049** കോടി രൂപ ബഡ്ജറ്റ് വിഹിതത്തിനു പുറമേ അനുവദിച്ചതാണോയെന്ന് വ്യക്തമാക്കണം. സ്ഥലം ഉടമകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകി കണ്ണൂർ വിമാനത്താവളത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കണം. സെയിൽസ് ടാക്സ് പിരിവ് മെച്ചപ്പെടുത്തുന്നതിനായി ചെക്ക്പോസ്റ്റുകൾ നവീകരിക്കുകയും,

വേയ്-ബ്രിഡ്ജ്, സ്കാനർ എന്നിവ സ്ഥാപിക്കുകയും ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുകയും മതിയായ ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്യണം. വിൽപ്പന നികുതി അപ്പലേറ്റ് ട്രിബ്യൂണലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. സംസ്ഥാനത്തെ റീ-സർവ്വേ നടപടികൾ എത്രയുംവേഗം പൂർത്തിയാക്കണം. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ജില്ലാ-താലൂക്ക് തലത്തിൽ പ്രത്യേക ദുരിതാശ്വാസ വിഭാഗങ്ങൾ ഉണ്ടാക്കണം. റവന്യൂ ഡിപ്പാർട്ടു മെന്റിൽ കമ്പ്യൂട്ടർവൽക്കരണം വില്ലേജ് ഓഫീസ് തലം വരെ വ്യാപി പ്പിക്കണം. വിൽപ്പന നികുതി കിടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കണം. ടേണോവർ വർദ്ധിച്ച സാഹചര്യത്തിൽ നികുതി നിരക്ക് കുറയ്ക്കാനാവശ്യമായ നടപടി സ്വീകരിക്കണം. 5,000 കോടി രൂപ ലോട്ടറി നികുതിക്കുടിശ്ശിക പിരിച്ചെടുക്കാൻ ഗവൺമെന്റ് അനാസ്ഥ കാണിച്ചു. വില്ലേജ് ഓഫീസ് മുതൽ സെക്രട്ടേറിയറ്റ്തലം വരെയുള്ള അഴിമതി ഇല്ലാതാക്കാൻ വിജിലൻസ് വിഭാഗം രൂപീകരിക്കണം. ലാന്റ് അസൈൻമെന്റ് കമ്മിറ്റി രൂപീകരിച്ച് കെട്ടിക്കിടക്കുന്ന അപേക്ഷകളിന്മേൽ തീർപ്പുണ്ടാക്കി ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. 1994-ലെ പഞ്ചായത്ത് ആക്ട് നിലവിൽ വന്നതിനുശേഷം ഭൂമി പതിച്ചുകൊടുക്കൽ നടക്കുന്നില്ല. ടി ആക്ട് ഭേദഗതി ചെയ്ത് എത്രയും വേഗം ഭൂമി പതിച്ചുകൊടുക്കാനാ വശ്യമായ നടപടി സ്വീകരിക്കണം. അനധികൃത ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കണം. ഇക്കാര്യത്തിൽ വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനമുണ്ടാകണം. പുതിയ താലൂക്കുകൾ രൂപീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. മണൽ വാരലിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം പുന:പരിശോധിക്കണം. കാലവർഷത്തിൽ നാശനഷ്ടങ്ങൾ ഉണ്ടായവർക്ക്

സഹായം എത്തിക്കാൻ അടിയന്തിര നടപടിയുണ്ടാകണം. സുനാമി ഫണ്ട് വകമാറ്റി ചെലവഴിച്ചത് സംബന്ധിച്ച് പരിശോധിച്ച് നടപടി കൈക്കൊള്ളണം. സുനാമി ഫണ്ടിൽ നിന്ന് തീരപ്രദേശത്തെ അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകാൻ നടപടി സ്വീകരിക്കണം.

ശ്രീമതി ഇ.എസ്. ബിജിമോൾ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ചിട്ടയായ പ്ലാനിംഗിലൂടെയും സാമ്പത്തിക അച്ചടക്കത്തിലൂടെയും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പുമന്ത്രി നടത്തുന്ന ശ്രമങ്ങളെ അഭിനന്ദിക്കുന്നു. റവന്യൂ വകുപ്പിലൂടെ യാണ് ഒരു ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ ജനങ്ങൾ വിലയിരുത്തുന്നത്. വിവിധ സർട്ടിഫിക്കറ്റുകളുടെ കാലാവധി ദീർഘിപ്പിച്ചതും ഏകീകരിച്ചതും സ്വാഗതാർഹമാണ്. പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിയുമായി കൂടിയാലോചിച്ച് പീരുമേട്, മൂന്നാർ പ്രദേശങ്ങളിൽ താമസിക്കുന്ന മൈഗ്രേറ്റ് ചെയ്ത തമിഴ് തോട്ടം തൊഴിലാളികൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കണം. 12678.78 ഏക്കർ അനധികൃത കയ്യേറ്റഭൂമി പിടിച്ചെടുത്ത് ലാന്റ് ബാങ്കിലേയ്ക്ക് നിക്ഷേപിച്ചത് അഭിനന്ദനാർഹമാണ്. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ 22 വ്യാജ പട്ടയങ്ങൾ റദ്ദ് ചെയ്യാനും 38 കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും ഈ സർക്കാരിന് സാധിച്ചു. ലാന്റ് ബാങ്കിൽ നിക്ഷേപിച്ച ഭൂമി അർഹരായ ഭൂരഹിതർക്ക് വിതരണം ചെയ്യുമെന്ന പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു. എം.എൽ.എ/ എം.പി. ഫണ്ടുപയോഗിച്ച് ത്രിതല പഞ്ചായത്തുകൾ എസ്റ്റേറ്റ് മേഖലയിൽ നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച ഉത്തരവ് പിൻവലിച്ചത് പുന:പരിശോധിക്കണം. വൻകിട കയ്യേറ്റങ്ങൾ, ഒഴിപ്പിക്കുന്ന നടപടി ഊർജ്ജി

തമാക്കണം. അർഹരായവർക്ക് പാട്ടം പുതുക്കിക്കൊടുക്കണം. പുള്ളിക്കാനം എസ്റ്റേറ്റിൽ 33 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട കാര്യത്തിൽ ഗവൺമെന്റിന്റെ പ്രത്യേക ശ്രദ്ധയുണ്ടാകണം. ഗോൾഫ് ക്ലബ്ബ് ഉൾപ്പെടെയുള്ള ഗവൺമെന്റിന്റെ പൊതുസ്വത്ത് കൊള്ളയടിക്കുന്ന ശക്തികൾക്കെതിരെ കർശനമായ നിലപാട് സ്വീകരിക്കണം.

പ്രൊഫ. എൻ. ജയരാജ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ രണ്ടുവർഷക്കാലമായി വാണിജ്യ നികുതി മേഖലയിലുൾപ്പെടെ നികുതി പിരിവിൽ കാര്യമായ പുരോഗതി കൈവരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. വിൽപ്പന നികുതി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളുണ്ടായിരുന്നെങ്കിലും കേന്ദ്ര വിൽപ്പന നികുതി കുറച്ചതുൾപ്പെടെയുള്ള കാര്യങ്ങൾ നികുതി സമാഹരണത്തെ ഒരു പരിധി വരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആവശ്യമായ ഉദ്യോഗസ്ഥരെ നിയോഗിച്ച് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. എൻട്രി ടാക്സ് പൂർണ്ണമായും നിർത്തലാക്കിയതാണ് നികുതിവരുമാനം കുറയാൻ കാരണം. ബഡ്ജറ്റിൽ പ്രഖ്യാപിച്ച നികുതിക്കുടിശ്ശിക പിരിച്ചെടുക്കാനുള്ള ഒരു സ്കീം നടപ്പിലാക്കണം. വസ്തുക്കളുടെ വില കൂടിനിൽക്കുന്ന സാഹചര്യത്തിൽ, ജപ്തി നടപടികൾക്ക് വിധേയമായവരുടെ കുടിശ്ശികകൾ അവരുടെ വസ്തുക്കളുടെ വിലയിലും താഴ്ന്ന വിലയ്ക്ക് തീർപ്പ് കൽപ്പിക്കുന്നത് വിവേചനപരമാണ്. ഈ സ്കീമിന്റെ പരിധിയിൽ വരുന്ന മറ്റുള്ള ആളുകൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ കിട്ടാതെ പോകുന്ന സാഹചര്യമുണ്ടാകാൻ പാടില്ല. പ്ലാസ്റ്റിക് കാരിബാഗുകൾ പൂർണ്ണമായി നിരോധിച്ച് പേപ്പർ ബാഗ് മാത്രം ഉപയോഗിക്കത്തക്കവിധത്തിലുള്ള നിയമനിർമ്മാണത്തിന് രൂപം നൽകണം.

നാണയപ്പെരുപ്പം കൂടി നിൽക്കുന്ന അവസരത്തിൽ നികുതി സമ്പ്രദായത്തിൽ കാലോചിതമായ മാറ്റംവരുത്താൻ വാറ്റ് ഉന്നതാധികാര സമിതി തീരുമാനിച്ചത് സ്വാഗതാർഹമാണ്.

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആഗോളവൽക്കരണ-ഉദാരവൽക്കരണ നയങ്ങളെ അതിജീവിച്ച് ഒട്ടേറെ മികച്ച നേട്ടങ്ങൾ വിവിധ മേഖലകളിൽ കൈവരിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും കർഷക ആത്മഹത്യ പെരുകുമ്പോൾ കേരളത്തിൽ അത് ഗണ്യമായി കുറഞ്ഞു. വേനൽമഴ മൂലമുള്ള നാശനഷ്ടങ്ങൾ ഉണ്ടാകാതിരുന്നെങ്കിൽ നെല്ലുൽപ്പാദനത്തിൽ വമ്പിച്ച റെക്കാർഡ് ഉണ്ടാക്കാൻ സാധിക്കുമായിരുന്നു. വിളനാശം സംഭവിച്ച കർഷകരുടെ കാര്യത്തിൽ എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ച സമാശ്വാസ നടപടികൾ കൃഷിക്കാരിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ ഇടയാക്കി. കൃഷിനാശത്തിനു കേന്ദ്രസഹായം കിട്ടിയില്ലെന്നു മാത്രമല്ല നേരത്തെ അനുവദിച്ച സുനാമി പുനരധിവാസ പദ്ധതി ചെലവിന്റെ റിപ്പോർട്ട് നൽകിയാൽ മാത്രമേ ധനസഹായം നൽകുകയുള്ളൂ എന്ന ഉപാധിയും വച്ചിരിക്കുകയാണ്. എൽ.ഡി.എഫ് ഗവൺമെന്റ് വരുമാനം വർദ്ധിപ്പിക്കുകയും അനാവശ്യ ചെലവുകൾ ഒഴിവാക്കുകയും ചെലവ് ചെയ്യലിന്റെ കാര്യക്ഷമത ഉയർത്തുകയും ചെയ്തുകൊണ്ട് ധനസ്ഥിതി മെച്ചപ്പെടുത്തി. നികുതി വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തി. 2010-2011 ആകുമ്പോൾ റവന്യുകമ്മി ഇല്ലാത്ത ഒരു സംസ്ഥാനമാക്കി കേരളത്തെ മാറ്റിയെടുക്കുന്നതിനുള്ള ശ്രമത്തിലാണ് ഈ സർക്കാർ. മൂല്യ വർദ്ധിത നികുതി രണ്ടു വർഷംകൊണ്ട് 74 ശതമാനമായി വർദ്ധിപ്പിക്കാൻ

സാധിച്ചു. റവന്യൂ കമ്മിയില്ലാതായാൽ വികസന പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക ഉപയോഗിക്കാൻ സാധിക്കും. സംസ്ഥാനത്തെ. ധനമാനേജുമെന്റ് ശക്തിപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ രണ്ടുവർഷക്കാലം ട്രഷറി നിയന്ത്രണമില്ലാത്ത അവസ്ഥ ഉണ്ടാക്കിയെടുക്കൻ കഴിഞ്ഞു. വിവിധ ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക ഉൾപ്പെടെ കൊടുത്തു തീർത്തു. ക്ഷേമ പെൻഷൻ തുകകൾ വർദ്ധിപ്പിച്ചു കൊടുത്തു. നിലത്തെഴുത്താശാൻമാർക്കും കക്കത്തൊഴിലാളികൾക്കും ക്ഷേമനിധി ഏർപ്പെടുത്തി. പരമ്പരാഗത വ്യവസായ മേഖലയിൽ കൂടുതൽ സഹായം നൽകി. പൊതുമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള സമീപനം സ്വീകരിച്ചു. സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത കുടിശ്ശികയില്ലാതെ കൊടുത്തു തീർത്തു. പെൻഷൻകാർക്ക് മൂന്ന് ഗഡു ക്ഷാമബത്ത കുടിശ്ശിക നൽകി. പെൻഷൻകാരുടെ വൺറാങ്ക് വൺ പെൻഷൻ എന്ന ആവശ്യം സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ജൂലായ്, സെപ്റ്റംബർ മാസങ്ങളിൽ 14 ജില്ലകളിൽ ഭൂമി വിതരണമേള നടത്താൻ തീരുമാനിച്ചിരിക്കുന്നു. 1800 ഏക്കറോളംവരുന്ന ഭൂമി കയ്യേറ്റം ഒഴിപ്പിക്കാൻ സാധിച്ചു. 12,678 ഏക്കർ ഭൂമി ഏറ്റെടുത്ത് ലാന്റ് ബാങ്കിൽ നിക്ഷേപിച്ചു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഇത്തരത്തിലുള്ള പൊതുസമീപനങ്ങളെ ജനങ്ങൾ പ്രതീക്ഷയോടുകൂടി ഉറ്റുനോക്കുകയാണ്.

<u>ശ്രീ. വി. സുരേന്ദ്രൻ പിള്ള</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ചിട്ടയായ പ്രവർത്തനത്തിലൂടെ നികുതി വരുമാനം ഉറപ്പാക്കിക്കൊണ്ട് 2010-2011-ൽ റവന്യൂ കമ്മിയില്ലാത്ത ഒരു ബഡ്ജറ്റ് നിയമസഭയിൽ അവതരിപ്പിക്കാൻ ഈ ഗവൺമെന്റിന് കഴിയും. ട്രഷറി നിയന്ത്രണം

ഒഴിവാക്കാൻ ഗവൺമെന്റിനു കഴിഞ്ഞു. വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്ന കാര്യത്തെ സംബന്ധിച്ച് വലിയ വിമർശനങ്ങൾ ഉയർന്നു വരുന്നുണ്ട്. വികസനപ്രവർത്തനങ്ങൾക്ക് ഏറ്റെടുത്ത ഭൂമി എങ്ങനെ വിനിയോഗിക്കണം, അവിടെ താമസിച്ചിരുന്ന ആളുകളെ എങ്ങനെ പുനരധിവസിപ്പിക്കണം അവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ കൊടുക്കണം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ഒരു വ്യക്തത ഉണ്ടാകണം. തീരദേശത്തുനിന്ന് കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസത്തെ സംബന്ധിച്ച് വ്യക്തമായ നടപടി സ്വീകരിക്കണം. ഗോൾഫ് ക്ലബ്ബ് ഏറ്റെടുക്കുന്ന കാര്യത്തിൽ സ്തുത്യർഹമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചത്.

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തിക അരാജകത്വത്തിൽ നിന്ന് സാമ്പത്തിക അച്ചടക്കത്തിലേയ്ക്ക് സംസ്ഥാനത്തെ നയിക്കാൻ സർക്കാരിന് സാധിച്ചുവെന്നുള്ളത് അഭിനന്ദനാർഹമാണ്. കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ ട്രഷറി നിയന്ത്രണമില്ലാതാക്കാൻ കഴിഞ്ഞു. സാമൂഹ്യ ക്ഷേമ പെൻഷൻ കുടിശ്ശിക കൊടുത്തുതീർത്ത ഗവൺമെന്റാണിത്. മുടങ്ങിക്കിടന്നിരുന്ന പല പദ്ധതികളുടെയും പണി തുടങ്ങാൻ സാധിച്ചു. പ്രശ്നങ്ങൾ പ്രാക്ടിക്കലായി ചിന്തിച്ച് പരിഹാരം കാണുന്ന ഒരു ധനകാര്യ മാനേജുമെന്റാണ് സംസ്ഥാന ത്തുള്ളത്. ഭൂമിയുടെയും മനുഷ്യന്റെയും ഏറ്റവും വലിയ ശത്രുവായ പ്ളാസ്റ്റിക് നിരോധിക്കുന്നതിനുള്ള നിയമം പാസ്സാക്കണം. സംസ്ഥാനത്തെ 10,000 ഹെക്ടർ റവന്യൂ ഭൂമി ഫോറസ്റ്റുകാർക്ക് നീലക്കുറിഞ്ഞി കൃഷിക്കുവേണ്ടി കൈമാറിയിട്ടുണ്ടെങ്കിൽ അത് കോമ്പൻസേറ്ററി ഫോറസ്റ്റേഷന് അനുവദിച്ചിട്ടുള്ള സ്ഥലമായി പരിഗണിച്ച് അവിടെ

പാവപ്പെട്ടവർക്ക് പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. റീസർവ്വേയിലെ തെറ്റുകൾ തിരുത്താനുള്ള അദാലത്തുകൾ കാര്യക്ഷമമാക്കണം. ഭൂമിക്ക് കരം അടയ്ക്കാൻ സൗകര്യം ഏർപ്പെടുത്തണം. 113 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാം unsafe ആണെന്ന് ഡിക്ളെയർ ചെയ്യണം. ഭരണ നേട്ടങ്ങൾ ജനങ്ങളിൽ എത്തിക്കാൻ ഉന്നത ഉദ്യോഗസ്ഥർ താഴെത്തലങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന് പ്രവർത്തിക്കാനുള്ള ഏർപ്പാട് ഉണ്ടാക്കണം.

ശ്രീമതി പി. അയിഷാ പോറ്റി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഓരോ വകുപ്പിന്റെയും കാര്യക്ഷമമായ പ്രവർത്തനത്തിൽക്കൂടി ഏറ്റവും നല്ല ഭരണം നടക്കുന്ന കാലഘട്ടമാണിത്. ഭൂമിയെല്ലാം ഭൂമാഫിയക്കാരുടെ കയ്യിലാണെന്ന് പ്രചരിപ്പിക്കുന്ന പ്രതിപക്ഷം അവരുടെ ഭരണകാലത്ത് നട ത്തിയ പ്രഖ്യാപനങ്ങളിൽ ഏതൊക്കെ നടപ്പിലാക്കി എന്ന് വ്യക്തമാക്കണം. വലിയ പ്രക്ഷോഭമൊക്കെ വന്നപ്പോഴാണ് മതികെട്ടാൻമലയെ സംബന്ധിച്ച് അന്നത്തെ ഗവൺമെന്റ് നടപടി സ്വീകരിച്ചത്. സുനാമി പുനരധിവാസത്തിനായി ലക്ഷക്കണക്കിന് രൂപ വിദേശത്തു നിന്നൊക്കെ ലഭി ച്ചെങ്കിലും കഴിഞ്ഞ സർക്കാർ ഒരു പൈസ പോലും അനുവദിച്ചില്ല. 2004-ൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിൽ ആരംഭിക്കാമെന്നു പറഞ്ഞ മീനാട് പദ്ധതിയുടെ ഉദ്ഘാടനം മാത്രമാണ് നടന്നത്. എന്നാൽ ഈ സർക്കാർ വന്നതിനുശേഷം അവിടെ നിരവധി പണികൾ അതിവേഗത്തിൽ നടന്നു. വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ ദീർഘവീക്ഷണത്തോടുകൂടിയാണ് നടക്കുന്നതെന്ന് ഓരോ വകുപ്പും പരിശോധിച്ചാൽ മനസ്സിലാക്കാൻ

സാധിക്കും. ധനകാര്യ വകുപ്പിന്റെ പ്രവർത്തനം ഇത്ര ഭംഗിയായി നടന്ന ഒരു കാലഘട്ടം സംസ്ഥാനത്ത് ഉണ്ടായിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉണ്ടായിരുന്നതുൾപ്പെടെയുള്ള സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക കൊടുത്തുതീർക്കാൻ കഴിഞ്ഞു. കഴിഞ്ഞ സർക്കാരിന്റെ കാലത്തേതിൽനിന്ന് വ്യത്യസ്തമായി എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് നിത്യോപയോഗ സാധനങ്ങൾ വില കുറച്ച് വിൽക്കുന്ന സംവിധാനം സംസ്ഥാനത്ത് ഏർപ്പെടുത്തി. ടാക്സ് പിരിക്കുന്നതിൽ വൻതോതിലുള്ള വർദ്ധനവുണ്ടാക്കാൻ സാധിച്ചു. വാളയാർ ചെക്ക്പോസ്റ്റിൽ പുതിയ സംവി ധാനങ്ങൾ ഏർപ്പെടുത്തുകയും കർശനമായ നടപടികളെടുക്കുകയും ചെയ്തതതുവഴി അഴിമതി ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്. ട്രഷറികളിൽ പൗരാവകാശ രേഖ കൊണ്ടുവരികയും ചെക്ക്പോസ്റ്റുകളിൽ അവ പ്രസിദ്ധ പ്പെടുത്തുകയും സോഷ്യൽ ആഡിറ്റ് നടത്തിയതുമെല്ലാം ധന കാര്യവകുപ്പിന്റെ എടുത്തുപറയേണ്ട നേട്ടങ്ങളാണ്. ക്ഷേമ പെൻഷൻ തുക വർദ്ധിപ്പിച്ചതും ജീവനക്കാരുടെ ഡി.എ. കുടിശ്ശിക യഥാസമയം കൊടു ത്തതുമെല്ലാം തെളിയിക്കുന്നത് ധനകാര്യ വകുപ്പിന്റെ കാര്യക്ഷമമായ മാനേ ജ്മെന്റാണ്. തൊഴിൽ വകുപ്പിന്റേയും ധനകാര്യ വകുപ്പിന്റേയും സംയുക്തമായ ഇടപെടൽമൂലം പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ വേതന പരിഷ്ക്കരണം നടപ്പിലാക്കാൻ കഴിഞ്ഞു. പ്രസ്തുത മേഖലകളുടെ പുനരുദ്ധാരണത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. 2006-07-ലെ ബഡ്ജറ്റ് വിഹിതം 51.75 കോടി രൂപയായി രുന്നത് 2007-08 -ൽ 53 കോടി രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രകൃതി ക്ഷോഭങ്ങൾ മൂലം ദുരിതമനുഭവിച്ചവർക്കുള്ള നഷ്ടപരിഹാരം സമയബന്ധി

തമായി നൽകാൻ കഴിഞ്ഞുവെന്നുള്ളത് റവന്യൂ വകുപ്പിന്റെ നേട്ടമാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൂറ് കണക്കിന് ആളു കൾക്ക് ചികിത്സാ സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഭൂമാഫിയകൾക്ക് കടിഞ്ഞാണിടുന്നതിനും പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിലുള്ള ക്രമക്കേ ടുകൾ ഒഴിവാക്കുന്നതിനും രജിസ്ട്രേഷൻ വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിയതുമൂലം പ്രമാണങ്ങളുടെ കോപ്പി കിട്ടുന്നതിനുവേണ്ടിയുള്ള കാത്തിരിപ്പ് ഒരു പരിധി വരെ ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭൂമിക്ക് ന്യായവില നിശ്ചയിച്ചതുമൂലം ബിനാമി ഇടപാടുകൾ അവസാനിപ്പിക്കാൻ കഴിയും. ഗവൺമെന്റിന്റെയും മാനേജ്മെന്റിന്റെയും കാര്യക്ഷമമായ പ്രവർത്തനഫലമായി കെ.എസ്.ആർ.ടി. സി. -യെ പൊതുജനങ്ങൾക്ക് ഏറ്റവും പ്രയോജനപ്രദമാക്കി മാറ്റാൻ കഴിഞ്ഞി ട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഓരോ വകുപ്പും സംയോജിച്ച് നടത്തുന്ന പ്രവർത്തനങ്ങളുടെ പ്രതിഫലനം വരും കാലങ്ങ ളിലും കാണാൻ സാധിക്കും. ജനങ്ങൾക്കുവേണ്ടി ഈ സർക്കാർ ചെയ്യുന്ന നല്ല കാര്യങ്ങൾ അംഗീകരിക്കാനുള്ള മനസ്സ് പ്രതിപക്ഷ മെമ്പർമാർക്കു ണ്ടാകണം.

ശ്രീ. പി. സി. ജോർജ് : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ടൂറിസം രംഗത്ത് നിലനിൽക്കുന്ന നികുതി പിരിവിലുള്ള അപാകത നേരത്തെ ചൂണ്ടി കാണിച്ചിരുന്നു. വിദേശ ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിച്ചതിന് ആനുപാതികമായ വരുമാനം ഖജനാവിലേയ്ക്ക് എത്തിയിട്ടില്ല. 2000-ൽ 4000 കോടി രൂപയായിരുന്ന വരുമാനം 2007 -ൽ 11,433 കോടി രൂപയായി വർദ്ധിച്ചുവെങ്കിലും രണ്ട് ശതമാനം ടാക്സ് പോലും പിരിച്ചെടുക്കാൻ കഴി

ഞ്ഞിട്ടില്ല. 2006-07 -ൽ ടൂറിസം മേഖലയിലെ വികസനത്തിനായി 122.46 കോടി രൂപ ചെലവഴിച്ചു. 2007-08-ൽ വൻകിട ഹോട്ടലുകളിൽനിന്ന് ലക്ഷ്വറി ടാക്സ്, സെയിൽസ് ടാക്സ് ഇനങ്ങളിൽ പിരിച്ചെടുത്തത് 120.04 കോടി രൂപയാണെങ്കിലും അത് മൊത്തം വിറ്റുവരവിന്റെ 1.05 ശതമാനം മാത്രമാണ്. വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിനനുസരിച്ച് വരുമാന വർദ്ധനവ് ഉണ്ടായിട്ടുള്ളത് വൻകിട ഹോട്ടലുകൾക്കാണ്. ഉപഭോക്താക്കളിൽനിന്നും പന്ത്രണ്ടര ശതമാനം വാറ്റ് ഈടാക്കുമ്പോൾ ഒരു ശതമാനം നികുതി മാത്രമാണ് അടയ്ക്കുന്നത്. ഇലക്ട്രിസിറ്റി ബിൽ അടച്ചില്ലെന്ന കാരണത്താൽ ആശുപത്രികളിലെ ഫ്യൂസ് ഊരിക്കൊണ്ടുപോകുമ്പോൾ വൻകിട മുതലാളിമാരുടെ ഹോട്ടലുകൾക്ക് ഇലക്ട്രിസിറ്റി സബ്സിഡി നൽകുന്നത് ശരിയല്ല. പൊതുമേഖലാ സ്ഥാപനമായ കെ.ടി.ഡി.സി.ക്ക് 9.5 കോടി രൂപ കൊടുത്തപ്പോൾ വൻകിട റിസോർട്ടുകൾക്ക് 122 കോടി രൂപയാണ് കൊടുത്തിരിക്കുന്നത്. സ്വർണ്ണത്തിന്റെ ആകെ വിറ്റുവരവ് 15,000 കോടി രൂപയാണെങ്കിൽ 2% നികുതിവച്ച് 300 കോടി രൂപ ഖജനാവിലേയ്ക്ക് വരേണ്ട സ്ഥാനത്ത് 120 കോടി രൂപയാണ് പിരിച്ചിരിക്കുന്നത്. ഖജനാവിലേയ്ക്കുവരേണ്ട നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ശക്തമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. സാജു പോൾ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സ്വർണ്ണത്തിന്റെ നികുതിയിനത്തിൽ യു.ഡി.എഫ്. ഭരണകാലത്ത് 52 കോടി രൂപ പിരിച്ച സ്ഥാനത്താണ് ഇപ്പോൾ 125 കോടി രൂപ പിരിച്ചിരിക്കുന്നത്. സ്റ്റാർ ഹോട്ടലുകൾക്കുള്ള വൈദ്യുതി സബ്സിഡി വർഷങ്ങളായി കൊടുത്തുകൊണ്ടിരിക്കുന്നതാണ്. വാറ്റ് നികുതി പിരിക്കുന്നതിൽ 74%

വർദ്ധനവുണ്ടായിട്ടുണ്ട്. വാളയാർ ചെക്ക്പോസ്റ്റിനെ അഴിമതി രഹിത ചെക്ക്പോസ്റ്റാക്കുകയും സോഷ്യൽ ആഡിറ്റ് സംഘടിപ്പിക്കുകയുമുണ്ടായി. കേരളത്തിൽ സാമ്പത്തിക അച്ചടക്കവും ദിശാബോധവുമുണ്ടാക്കാൻ ധനകാര്യ മാനേജുമെന്റിൽ പുതിയ സംവിധാനമുണ്ടാക്കി. ലക്ഷക്കണക്കിന് തൊഴിലാളികളെ ബാധിക്കുന്ന വിധത്തിൽ പേപ്പർ ലോട്ടറിയുൾപ്പെടെ നിരോധിച്ചുകൊണ്ട് ഓൺ ലൈൻ ലോട്ടറി കൊണ്ടുവന്ന് വൻകിട കുത്തകകളെ സഹായിക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയസമീപനം മൂലം ദേശീയ സമ്പാദ്യ പദ്ധതിയിൽ തകർച്ചയുണ്ടാവുകയും കേരളത്തിന്റെ സാമ്പത്തികമേഖലയിൽ വമ്പിച്ച പ്രത്യാഘാതങ്ങളുണ്ടാവുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയുടെ ഭരണ സംവിധാനത്തിൽ കാതലായ മാറ്റങ്ങളുണ്ടാകണം. അധികാര വികേന്ദ്രീകരണം സാർത്ഥകമാകണം. അഴിമതിക്കാരായ ഉദ്യോഗസ്ഥരെ നിലയ്ക്കുനിറുത്തണം. അഴിമതി രഹിതമായി ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രോൽസാഹനമുണ്ടാകണം. സ്റ്റേറ്റ് സിവിൽ സർവ്വീസ് നടപ്പാക്കണം. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ കൊണ്ടുവരണം.നിർബന്ധിത അപ്രന്റിസ്ഷിപ്പ് ഏർപ്പെടുത്തിക്കൊണ്ട് അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ കഴിവും ശേഷിയും രാജ്യത്തിന് ഗുണകരമായി വിനിയോഗിക്കണം. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കനുവദിച്ച തുക വിനിയോഗിക്കപ്പെടണം. കുടിശ്ശിക കൊടുത്തുതീർക്കണം. റിവർ മാനേജുമെന്റ് ഫണ്ട് ഫലപ്രദമായി ഉപയോഗപ്പെടുത്തണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി വികസന സമിതികൾ ശക്തിപ്പെടുത്തുകയും എല്ലാ മാസവും ജില്ലാ വികസന

സമിതികൾ വിളിച്ചുചേർത്ത് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുകയും അദാലത്തുകൾ നടത്തുകയും പട്ടയമേളകൾ സംഘടിപ്പിക്കുകയും പോക്കുവരവ് സുതാര്യമാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വേ റിക്കോർഡുകൾ പരിഷ്ക്കരിക്കണം. പാട്ടഭൂമികൾ ഒഴിപ്പിച്ചെടുത്ത് ഈ ഗവൺമെന്റ് തുടങ്ങിവച്ച ലാൻഡ് ബാങ്കിംഗ് പദ്ധതി ശക്തിപ്പെടുത്തണം. 60-ഓളം സമിതികളുടെ ചെയർമാനായ എറണാകുളം ജില്ലാകളക്ടറുടെ ജോലിഭാരം ലഘൂകരിക്കുന്നതിന് ഐ.എ.എസ്. കേഡറിലുള്ള ഒരു സ്പെഷ്യൽ ഓഫീസറെ പ്രോജക്ടുകളും വി.വി.ഐ.പി. വിസിറ്റുകളുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നതിന് നിയമിക്കണം.

ശ്രീ. എം.കെ. പ്രേംനാഥ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ സിവിൽ ഭരണകൂടത്തിന്റെ സിരാകേന്ദ്രമായ വില്ലേജ് ഓഫീസുകളിൽ ധാരാളം മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ റവന്യൂ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടിയായിട്ടുണ്ട്. 1441.75 കോടി രൂപയുടെ സുനാമി പുനരധിവാസ പദ്ധതി നടപ്പാക്കുന്നതിനും സുനാമി ദുരന്തത്തിൽ അനാഥരായ കുട്ടികൾക്ക് 51,000 രൂപവീതം സ്ഥിരനിക്ഷേപത്തിന് നൽകുന്നതിനും തീരപ്രദേശത്തെ വിദ്യാർത്ഥികൾക്ക് പ്രതിമാസം 300 രൂപ സ്കോളർഷിപ്പായി നൽകുന്നതിനുമുള്ള നടപടികളാരംഭിച്ചു. തീരദേശത്തെ 1,58,364 കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുകയാണ്. കഴിഞ്ഞ രണ്ടുവർഷക്കാലം കൊണ്ട് കണ്ണൂരിലെ ആറളത്തെ 1717 പേർക്കുൾപ്പെടെ 3300-ഓളം ആദിവാസി കുടുംബങ്ങൾക്ക് പട്ടയം വിതരണം ചെയ്യുന്നതിന് ഈ സർക്കാരിന് കഴിഞ്ഞു. സംസ്ഥാനത്ത് ദുരന്ത നിവാരണ അതോറിറ്റി രൂപീകരിച്ചു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി

രൂപീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചു. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും എഡ്യൂസാറ്റ് വഴി പരിശീലനം നൽകുന്ന പരിപാടി ഏർപ്പെടുത്തി. ഇങ്ങനെ എല്ലാ മേഖലകളിലും പുരോഗമനപരമായ നടപടികളാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രവർത്തനത്തിൽ കാണാൻ കഴിയുന്നത്. ലാൻഡ് ബോർഡ്, ലാൻഡ് ട്രൈബ്യൂണൽ രംഗങ്ങളിൽ വളരെ ശക്തമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഭൂപരിഷ്ക്കരണ നിയമം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളുണ്ടാകണം. അനധികൃത ഭൂമി കയ്യേറ്റത്തിനെതിരെ എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ച ധീരമായ നടപടി സ്വാഗതാർഹമാണ്. ഏകദേശം 12,000-ലധികം ഹെക്ടർ ഭൂമി പിടിച്ചെടുക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. ഇതിലെല്ലാം സർക്കാരിന്റെ ഇച്ഛാശക്തിയാണ് പ്രകടമാകുന്നത്. സർവ്വേ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം കൂടുതൽ ശക്തമാക്കണം. നദികളേയും മണ്ണിനേയും സംരക്ഷിക്കുന്നതിനും മാഫിയകളെ വളരെ ശക്തമായി നിയന്ത്രിക്കുന്നതിനും നടപടിയെടുക്കണം. വടകര-മാഹി കനാലിന്റെ സംരക്ഷണത്തിന് റിവർ മാനേജുമെന്റ് ഫണ്ട് ഉപയോഗപ്പെടുത്തണം. ആവശ്യമായ സ്റ്റാഫിനെ നിയമിച്ച് സർവ്വേ ഡിപ്പാർട്ടുമെന്റ് ശക്തിപ്പെടുത്തണം. സോഷ്യൽ ആഡിറ്റ് ഈ രംഗത്തെ വലിയൊരു നേട്ടമാണ്. നികുതി പിരിക്കുന്നതിൽ ശാസ്ത്രീയമായ നടപടികൾ സ്വീകരിച്ചു. വാളയാർ ചെക്ക്പോസ്റ്റിൽ അഴിമതി പൂർണ്ണമായി അവസാനിപ്പിക്കാൻ കഴിഞ്ഞു.

<u>ശ്രീ. ബി. ബാബു പ്രസാദ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. റവന്യൂ വകുപ്പ് രണ്ടു വർഷമായി വിവാദങ്ങളിലൂടെ കുപ്രസിദ്ധിയാർജ്ജിച്ചുകൊണ്ടിരിക്കുകയാണ്. മൂന്നാർ കുടിയൊഴിപ്പിക്കലും മെർക്കിസ്റ്റൺ ഭൂമിയിടപാടും എച്ച്.എം.ടി. പ്രശ്നവും, രവീന്ദ്രൻ പട്ടയവുമെല്ലാം ഈ ഗവൺമെന്റിന്റെ

പ്രതിഛായയ്ക്കു മങ്ങലേൽപ്പിച്ചിരിക്കുകയാണ്. ഗോൾഫ് ക്ലബ്ബിനെ സംബന്ധിച്ച വിവാദവും സജീവമാണ്. റവന്യൂ വകുപ്പു സെക്രട്ടറി സമർപ്പിച്ച സത്യവാങ്മൂലം തെറ്റാണെന്നാണ് നിയമവകുപ്പ് ഹൈക്കോടതി യിൽ സത്യവാങ്മൂലം സമർപ്പിച്ചിരിക്കുന്നത്. റവന്യൂ വകുപ്പു സെക്രട്ടറിയെ ബലിയാടാക്കിക്കൊണ്ട് പ്രതിസന്ധാനത്തു നിന്നും വിദഗ്ദ്ധമായി രക്ഷപ്പെടാ നാണ് സർക്കാർ ഇപ്പോൾ ശ്രമിക്കുന്നത്. റവന്യൂവകുപ്പു സെക്രട്ടറി ഈ ഗവൺമെന്റിന്റെ ഭാഗമാണോ എന്നു വ്യക്തമാക്കണം. മെർക്കിസ്റ്റൺ ഭൂമിയി ടപാടൊഴിച്ച് മറ്റെല്ലാ കാര്യങ്ങളിലും ഘടകകക്ഷിയംഗങ്ങൾക്കിടയിൽ അഭി പ്രായ വ്യത്യാസം രൂക്ഷമായി നിലനിൽക്കുന്നുണ്ട്.. സുതാര്യവും കാര്യക്ഷമ വുമായ ഒരു സൽഭരണം കാഴ്ചവയ്ക്കാൻ ഗവൺമെന്റ് തയ്യാറാകണം.

<u>ശ്രീ. പി. വിശ്വൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വ്യക്തമായ കാഴ്ചപ്പാടോടുകൂടി ജനക്ഷേമകരവും കാര്യക്ഷമവുമായ പ്രവർത്തനങ്ങ ളുമായി മുന്നോട്ടു നീങ്ങുന്ന ഗവൺമെന്റാണിത്. ജനോപകാരപ്രദമായ പല ക്ഷേമപദ്ധതികൾക്കും ഈ ഗവൺമെന്റ് തുടക്കമിട്ടു. നിയമനനിരോധനം നീക്കിയും ചെലവുചുരുക്കിയും കാര്യക്ഷമത വർദ്ധിപ്പിച്ചും സംസ്ഥാനത്തെ മുമ്പോട്ടു കൊണ്ടുപോകുന്നതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ഓരോ പൗരന്റെയും ബൗദ്ധിക വളർച്ച ഉറപ്പു വരുത്തുന്നതിനും ദേശീയോത്ഗ്രഥനം ഊട്ടിയുറപ്പിക്കുന്നതിനും സഹായകമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്ന ഗവൺമെന്റിന്റെ ശ്രമങ്ങളെ തകർക്കാനാണ് യു.ഡി.എഫ്. ശ്രമിക്കുന്നത്. നികുതി പിരിവിന്റെ കാര്യത്തിൽ അഭൂതപൂർവ്വമായ നേട്ടം കൈവരിക്കാൻ ഗവൺമെന്റിന് കഴിഞ്ഞു. 2010-2011- ഓടുകൂടി സംസ്ഥാനത്ത് റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നുണ്ട്. മൂലധനച്ചെലവിൽ കുതിച്ചു ചാട്ടം നടത്താൻ കഴിഞ്ഞു. ഭൂമി ഏറ്റെടുക്കൽ,

കുടിവെള്ളപദ്ധതികൾ, റോഡുകൾ, പാലങ്ങൾ എന്നിവയ്ക്കായി ആയിരം കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ പണി ആരംഭിച്ചു. ടൂറിസം മേഖലയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. വടക്കേ മലബാറിനെ ലോക ടൂറിസത്തിന്റെ ഭാഗമാക്കി മാറ്റിയെടുക്കാൻ കഴിഞ്ഞു. ധനകാര്യ മാനേജുമെന്റിന്റെ കാര്യക്ഷമത നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കരാറുകാരുടെ കുടിശ്ശിക കൊടുത്തു തീർത്തു. നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ് കണക്കിലെടുത്ത് ഭരണാനുമതി കൊടുത്ത വർക്കുകളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. കടലോരമേഖലയിലെ മൽസ്യത്തൊഴിലാളികളെ സഹായിക്കാൻ ഗവൺമെന്റ് മുന്നോട്ടു വന്നിട്ടുണ്ട്. വിവിധ ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കുകയും കുടിശ്ശിക ഉണ്ടായിരുന്നത് കൊടുത്തു തീർക്കുകയും ചെയ്തു. ഗോൾഫ് ക്ലബ്ബ് ഏറ്റെടുക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. എ.കെ. ചന്ദ്രൻ: ധനാഭ്യർത്ഥകളെ അനുകൂലിക്കുന്നു. രണ്ടു വർഷം പിന്നിട്ട് മൂന്നാം വർഷത്തേയ്ക്കു കടക്കുന്ന ഈ ഗവൺമെന്റ് ചിട്ട യായും കാര്യക്ഷമതയോടുകൂടിയും സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും വ്യക്തമായ കാഴ്ചപ്പാടോടുകൂടി സംസ്ഥാനത്തെ പുരോഗ തിയിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അഞ്ചു വർഷക്കാലവും ജനവിരുദ്ധ പ്രവർത്തനങ്ങളാണ് നടത്തി യിരുന്നത്. ഗോൾഫ് ക്ലബ്ബിന്റെ കാര്യത്തിൽ ചില പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സംസ്ഥാനം ഭരിക്കുമ്പോഴാണ് കർഷകത്തൊഴിലാളികൾക്ക് പെൻഷൻ അനുവദിച്ചത്. യു.ഡി.എഫ് ഗവൺമെന്റ് കുടിശ്ശികയാക്കിയ 29 മാസത്തെ കർഷകത്തൊഴിലാളി

പെൻഷൻ കൊടുത്തുതീർക്കാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചു. ഊർജ്ജിത നടപടികളിലൂടെ നികുതി പിരിവിൽ വർദ്ധനവുണ്ടാക്കാൻ സാധിച്ചു. ക്ഷേമനിധികൾ പുന:സംഘടിപ്പിച്ച് പരമ്പരാഗത മേഖലകളെ പുനരുജ്ജീവിപ്പിക്കാൻ സാധിച്ചു. റവന്യൂ കമ്മി കുറച്ച് വികസന പ്രവർത്ത നങ്ങൾക്ക് കൂടുതൽ പണം കണ്ടെത്താൻ നടപടി സ്വീകരിച്ചു. ചിട്ടയായ ധനകാര്യ മാനേജുമെന്റിലൂടെ കേരളത്തെ സമഗ്ര പുരോഗതിയിലെത്തി ക്കാനുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. അനധികൃത കയ്യേറ്റ ഭൂമി തിരിച്ചുപിടിച്ച് വികസന പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കാനും പാവപ്പെട്ട ഭൂ രഹിതർക്ക് വിതരണം ചെയ്യാനുമുള്ള നടപടികൾ സ്വാഗതാർഹമാണ്. റീസർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാനും അർഹരായവർക്ക് പട്ടയം നൽകാനുമുള്ള നടപടി സ്വീക രിക്കണം. ഭൂ രഹിത ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യണം. മാള നിയോജക മണ്ഡലത്തിലെ ട്രഷറിയുടേയും സിവിൽ ടവറിന്റേയും പ്രവർത്തനം അടിയന്തിരമായി ആരംഭിക്കണം.

<u>ശ്രീ. കെ. കുഞ്ഞിരാമൻ :</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ മന്ത്രിമാരുടെ നിശ്ചയദാർഢ്യത്തോടു കൂടിയുള്ള പ്രവർത്തനത്തിന്റെ ഫലമായി കേരളത്തിൽ രണ്ട് വർഷക്കാലം കൊണ്ട് നിരവധി നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു.. നികുതി പിരിവ് ഊർജ്ജിതമാക്കി വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചു സാമൂഹ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കാനും കർഷകത്തൊഴിലാളി പെൻഷൻ വർദ്ധി പ്പിക്കാനുമുള്ള നടപടികൾ അഭിനന്ദനാർഹമാണ്. ഈ ഗവൺമെന്റ് ചെയ്ത നല്ല കാര്യങ്ങളെ അംഗീകരിക്കാൻ പ്രതിപക്ഷം തയ്യാറാകണം. കാലവർഷക്കെടുതിയുടെ നഷ്ടപരിഹാരമായി കൃഷിക്കാർക്ക് 12 കോടി

രൂപ വിതരണം ചെയ്യാൻ കഴിഞ്ഞു. കുടുംബശ്രീ സംഘങ്ങൾക്ക് ന്യായമായ പലിശയ്ക്ക് ബാങ്ക് വഴി പണം കടം കൊടുക്കാനുള്ള നടപടി സ്വീകരിച്ചു. ഇൻഡ്യയിൽ ആദ്യമായി കേരളത്തിൽ കർഷക കടാശ്വാസ കമ്മീഷനെ നിയമിക്കാനും ജില്ലകൾ തോറും ടാസ്ക് ഫോഴ്സുകൾ ഉണ്ടാക്കാനും നടപടി സ്വീകരിച്ചു. കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കാൻ സ്വീകരിച്ച നടപടികൾ ശ്രദ്ധേയമാണ്. കൈവശരേഖയില്ലാത്ത കർഷകർക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കണം.

ശ്രീ. വി.ഡി. സതീശൻ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നാട്ടിൽ ഒരു വികസന പ്രവർത്തനവും നടക്കുന്നില്ല. ബഡ്ജറ്റിൽ പദ്ധതികൾ പ്രഖ്യാപിക്കുകയും പിന്നീട് നടപ്പിലാക്കാൻ കഴിയാത്തതിന്റെ ദു:ഖം രേഖപ്പെടുത്തുകയും ഭൂമി വിവാദവുമായി ആടിയുലയുകയും ചെയ്യുന്ന ഒരു സർക്കാരാണിത്. മുഖ്യമന്ത്രി അയച്ച ദൗത്യസംഘങ്ങൾക്ക് മൂന്നാറിൽ ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല. സി.പി.ഐ(എം)-നെ വെട്ടിലാക്കാൻ വേണ്ടിയാണ് മൂന്നാറിൽ പി.കെ. വാസുദേവൻ നായരുടെ പേരിലുള്ള പട്ടയം റദ്ദാക്കിയത്. സർക്കാർ ഭൂമി പിടിച്ചെടുക്കാൻ പ്രതിജ്ഞാബദ്ധമാണെന്ന് പറയുന്ന സർക്കാരിന് ടാറ്റയുടേയോ ഹാരിസൺ മലയാളം പ്ളാന്റേഷന്റേയോ കൈവശമുള്ള ഒരു സെന്റ് ഭൂമിപോലും തിരിച്ചുപിടിക്കാൻ സാധിച്ചിട്ടില്ല. പലരുടേയും കൈവശമുള്ള പതിനായിരക്കണക്കിന് ഏക്കർ വരുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കാൻ ഈ ഗവൺമെന്റ് ഒരു നടപടിയും സ്വീകരിക്കുന്നില്ല. ഗോൾഫ് ക്ളബ്ബിന്റെ കാര്യത്തിൽ ഗവൺമെന്റ് വ്യത്യസ്തമായ അഫിഡവിറ്റുകൾ കോടതിയിൽ ഫയൽ ചെയ്തതുവഴി കോൺസ്റ്റിറ്റ്യൂഷണൽ ക്രൈസിസ് ഉണ്ടായിരിക്കുകയാണ്. കളമശ്ശേരി അപ്പോളോ ടയേഴ്സിന് സർക്കാർ വ്യാവസായികാവശ്യത്തിനായി അക്വയർ ചെയ്തുകൊ

ടുത്ത 900 കോടി രൂപ വില വരുന്ന ഭൂമിയിൽ വലിയ സൗധങ്ങളുണ്ടാക്കാൻ ആരെങ്കിലും അനുമതി കൊടുത്തിട്ടുണ്ടെങ്കിൽ അത് അന്വേഷിക്കണം. എച്ച്. എം.ടി. ഭൂമിയുടെ കാര്യത്തിലും മെർക്കിസ്റ്റൺ ഭൂമിയുടെ കാര്യത്തിലും ഗവൺമെന്റ് സ്വീകരിച്ച നിലപാടുകൾ ഭൂമാഫിയയെ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ളതാണ്. വൻകിട ഭൂമാഫിയകളുടെ കൈവശമുള്ള സർക്കാർ ഭൂമി ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് നടപടിയുണ്ടാകണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ.തോമസ് ഐസക്</u>) : സാധാരണയായി 10 മുതൽ 12 ശതമാനം വരെയാണ് ഓരോ വർഷവും നികുതി വരുമാനം വർദ്ധി ക്കുന്നത്. 2006-07-ൽ 23 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായി എങ്കിലും 2007-08-ൽ അത് 15 ശതമാനമായി കുറയുകയാണ് ചെയ്തത്. കേരളത്തിന്റെ നികുതി വരുമാനത്തെ പ്രധാനമായി സംരക്ഷിച്ചിരുന്ന എൻട്രി ടാക്സിൽ ഉണ്ടായ ചോർച്ചയും കൊച്ചിൻ റിഫൈനറി, ഭാരത് പെട്രോളിയം തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും നികുതി ലഭിക്കാത്തതുമാണ് ഈ കുറവിന് കാരണം. ഇത് പരിഹരിക്കുന്നതിനുവേണ്ടി ബോയൻസി ശരാശരി 20 ശതമാനത്തി ലേയ്ക്ക് ഉയർത്താനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അതിന്റെ ഫല മായി ഈ സാമ്പത്തിക വർഷം ഏപ്രിൽ മാസം മുതൽ ഇതുവരെ വാറ്റ്, നോൺ വാറ്റ് വരുമാനം മെച്ചപ്പെട്ടുവരുന്നുണ്ട്. വയനാട്, കാസർഗോഡ്, പത്തനംതിട്ട എന്നിവിടങ്ങളിലെ ഡി.സി. ആഫീസുകൾ പുന:സ്ഥാപിക്കൽ; സ്ക്രൂട്ടിനിയും ആഡിറ്റും സംയോജിപ്പിക്കൽ; എല്ലാ മാസവും ടെക്നിക്കൽ സ്ക്രൂട്ടിനി മാത്രം നടത്തി ഇന്നത്തെ സ്ക്രൂട്ടിനി സമ്പ്രദായത്തിൽ സമൂലമായ മാറ്റം വരുത്തൽ;. മൂന്നു വർഷത്തെ അന്യുവൽ റിട്ടേൺസ് നോക്കി മറ്റ് വ്യാപാരികളുടെ ആന്യുവൽ റിട്ടേൺസുമായി താരതമ്യം ചെയ്ത് സി.ടി. എസ്. നടത്തുന്ന പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഇന്റഗ്രേറ്റഡ് ആയി ഒരു

വ്യാപാരിയെ പരിശോധന നടത്തൽ; ഇന്റലിജൻസ് വിംഗ് സ്ട്രെങ്തെൻ ചെയ്ത് റാണ്ടം ഓവർ ചെക്കിംഗ് നടത്തൽ; ആഡിറ്റ് എ.സി.മാരെ അപ്പീൽ എ.സി.മാരാക്കി മാറ്റി നിലവിലുള്ള അപ്പീൽ കേസ്സുകളിൽ പരിഹാരം ഉണ്ടാക്കിയതിനുശേഷം ഒരു ജുഡീഷ്യൽ മെമ്പറെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ട്രിബ്യൂണൽ രൂപീകരിക്കൽ; ഹെഡ്ക്വാർട്ടേഴ്സ് മാനേജ്മെന്റ് 8 സി.ടി.എസ്. ഗിഫ്റ്റായി പുന:സംവിധാനം ചെയ്ത് വ്യാപാരത്തിലും വിലയിലും വരുന്ന മാറ്റങ്ങളെ മേഖലാടിസ്ഥാനത്തിലോ കമ്മോഡിറ്റി അടിസ്ഥാനത്തിലോ പരിശോധിച്ച് ഡിപ്പാർട്ട്മെന്റിനുള്ള ഇൻപുട്ട് നൽകുന്നതിനുള്ള ചുമതല നൽകൽ തുടങ്ങിയ നടപടികളിലൂടെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുകയാണ്. ടൂറിസം മേഖലയിൽ നികുതി പിരിക്കുന്നില്ലെന്ന ആക്ഷേപം ഉന്നയിക്കുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ടൂറിസം മേഖലയിൽ 40 കോടി രൂപ വരുമാനമുണ്ടായിരുന്നത് രണ്ട് വർഷം കൊണ്ട് 80 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഈ വർഷം 150 കോടി രൂപ പിരിക്കാൻ ലക്ഷ്യമിട്ട് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ലക്ഷ്വറി ടാക്സ് പിരിക്കുന്നതിന് ഓരോ ജില്ലയിലും പ്രത്യേക വിഭാഗത്തെ ഏർപ്പെടുത്തി. ആയുർവേദ ആശുപത്രിയുടെ മറവിൽ പ്രവർത്തിക്കുന്ന റിസോർട്ടുകളിൽനിന്ന് നികുതി പിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടൂറിസത്തിന്റെ വരുമാനം ഡിപ്പാർട്ടുമെന്റ് കണക്കനുസരിച്ച് 11,000 കോടി രൂപയാണ്. ഇപ്പോൾ പിരിക്കുന്ന നികുതി പോര എന്ന് സർക്കാരിന് അഭിപ്രായമുണ്ട്. വൻകിട ഹോട്ടലുകളിൽ നിന്ന് ലക്ഷ്വറി ടാക്സ്, cooked food-ന്മേലുള്ള നികുതി, വാറ്റ് നികുതി, മദ്യത്തിന്മേലുള്ള ടേൺഓവർ ടാക്സ് എന്നിവ ഉൾപ്പെടെ 240 കോടിയോളം രൂപ പിരിക്കുന്നുണ്ട്. ലോട്ടറിയുടെമേൽ

നികുതി ചുമത്താൻ അധികാരമില്ല എന്ന കോടതി വിധി ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പുതന്നെ വന്നതാണ്. ആഗസ്റ്റ് മാസം 18-ാം തീയതി സംസ്ഥാന സർക്കാരിന് വ്യാജലോട്ടറികളുടെമേൽ നടപടി എടുക്കാൻ പറ്റില്ല എന്ന അഫിഡവിറ്റ് തിരുത്തണമെന്ന കേസ്സും ഓൺ ലൈൻ ലോട്ടറി നിരോധനത്തെ ചോദ്യം ചെയ്തുകൊണ്ടുള്ള കേസ്സും വരികയാണ്. മേഘാലയ സർക്കാരിന്റെ അവകാശവാദങ്ങളെ തള്ളിക്കളയാൻ പറ്റില്ല. യു.ഡി.എഫ്. സർക്കാർ ഉണ്ടാക്കിയ ലോട്ടറി നിയമത്തെ തകർക്കുന്ന നിലപാട് കേന്ദ്ര ഗവൺമെന്റ് സുപ്രീംകോടതിയിൽ എടുത്തിരിക്കുകയാണ്. അഫിഡവിറ്റ് തിരുത്താനാണ് ഇപ്പോൾ കേസ്സ് നടത്തുന്നത്. ഇവിടെ പദ്ധതി നടപ്പാക്കുന്നതിൽ പോരായ്മകളുണ്ട്. 2006-2007-ൽ 6,210 കോടി രൂപയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നിട്ടും ചെലവാക്കിയത് 4785 കോടി രൂപയും ഷോർട്ട്ഫാൾ 1425 കോടി രൂപയുമാണ്. അതിൽ 1325 കോടി രൂപ കെ.എസ്.ടി.പി. തുടങ്ങിയ പ്രോജക്ടുകൾക്കും ബാക്കി പവർ സെക്ടറുകൾക്ക് വരുന്ന ചെലവുമാണ്. പ്ലാനിന്റെ പ്രയോറിറ്റീസ് മാറ്റുംവിധമുള്ള ഒരു പ്ലാൻ റിഡക്ഷനുമില്ല. ഈ വർഷം കേന്ദ്ര സർക്കാർ സംഭരിച്ചിട്ടുണ്ടെന്നു പറയപ്പെടുന്ന രണ്ടര കോടി ടൺ ധാന്യങ്ങളിൽ നിന്ന് പന്ത്രണ്ടര ലക്ഷം ടൺ ധാന്യങ്ങൾ കേരളത്തിന് ലഭ്യമാക്കേണ്ടതാണ്. അതിനുള്ള പരിശ്രമം പ്രതിപക്ഷത്തിന്റെ ഭാഗത്തു നിന്നുണ്ടാകണം. ക്ഷാമകാലത്ത് മാർക്കറ്റിൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമല്ലാതാക്കി അവ സംഭരിച്ചു കൂട്ടുന്ന കേന്ദ്ര സർക്കാർ നിലപാട് സംസ്ഥാനത്ത് വിലക്കയറ്റം രൂക്ഷമാക്കാനിടയാക്കും എന്നുമാത്രമല്ല, അവരുടെ സാമ്പത്തിക നയങ്ങൾ ഇൻഡ്യയെ തകർച്ചയിലെത്തിക്കുകയും ചെയ്യും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

. റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ധനാഭ്യർത്ഥനകളുടെ ചർച്ചയ്ക്കിടയിൽ ബഹുമാനപ്പെട്ട അംഗങ്ങൾ നൽകിയ ക്രിയാത്മകമായ നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും കൂടുതൽ ശ്രദ്ധ പതിപ്പിച്ചത് സർക്കാർ ഭൂമി സംബന്ധിച്ച പ്രശ്നങ്ങളിലാണ്. സർക്കാർ ഭൂമി കണ്ടുപിടിച്ച് കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് അവ തിരിച്ചെടുത്ത് ലാന്റ് ബാങ്കിൽ നിക്ഷേപിച്ച് സംരക്ഷിക്കാനുള്ള സംവിധാനം ഉണ്ടാക്കി. മിച്ചഭൂമി ഏറ്റെടുത്ത് സമയബന്ധിതമായി പാവപ്പെട്ട ഭൂരഹിതർക്ക് വിതരണം ചെയ്യൽചടങ്ങിന്റെ ഉദ്ഘാടനം ജൂലൈ മാസം കണ്ണൂരിൽ വച്ച് നടക്കും. മലയോര പട്ടയഭൂമി, ആദിവാസി ഭൂമി, സെറ്റിൽമെന്റ് കോളനി പട്ടയ ഭൂമി വിതരണവുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കും. 'തൈക്കാട് മോഡൽ' റീ-സർവ്വേ നടപടികൾ വിജയിച്ച സാഹചര്യത്തിൽ സംസ്ഥാനത്ത് റീ-സർവ്വേ നടപടി കൾ അടുത്ത മൂന്നു വർഷത്തിനുള്ളിൽ സമയബന്ധിതമായി പൂർത്തിയാക്കു ന്നതിന് നടപടി സ്വീകരിക്കും. ട്രസ്റ്റുകളുടെയും മറ്റും പേരിൽ ഭൂമി കയ്യേറുന്ന ഭൂമാഫിയകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. കേരളത്തിലെ പതിനാല് ജില്ലകളിലും ഭൂമി കയ്യേറ്റമൊഴിപ്പിക്കൽ പ്രവർത്തനങ്ങൾ പുനരാരംഭിച്ചു. ലാന്റ് റവന്യൂ അഡീഷണൽ കമ്മീഷണറായ ശ്രീ. കെ.എം. രാമാനന്ദന്റെ നേതൃത്വത്തിൽ 870 ഏക്കർ ഭൂമിയാണ് ഇത്തരത്തിൽ ഏറ്റെടുത്ത് ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കിയത്. വ്യാജപ്പട്ടയങ്ങൾ റദ്ദ് ചെയ്യാനും റിസോർട്ടുകൾ തിരിച്ചുപിടിക്കാനും നടപടികൾ സ്വീകരിച്ചു. പള്ളിവാസലിൽ മാത്രം 30 റിസോർട്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. ലാന്റ് ബാങ്കിൽ നിക്ഷേപിച്ച ഭൂമി

ഭൂരഹിതരായ പാവപ്പെട്ടവർക്ക് വിതരണം ചെയ്യുകയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഐ.ടി. സെന്ററുകൾ, ഫാക്ടറികൾ തുടങ്ങി സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ലഭ്യമാക്കുകയും ചെയ്യുന്നതാണ്. പട്ടണങ്ങളിൽ നിന്ന് ഏറ്റെടുക്കുന്ന ഭൂമി സർക്കാരിന് വരുമാനം ഉണ്ടാകത്തക്ക വിധത്തിൽ വിനിയോഗിക്കുന്ന കാര്യം ആലോചിച്ച് തീരുമാനിക്കുന്നതാണ്. കേരളത്തിൽ എവിടെ മിച്ചഭൂമിയുണ്ടെങ്കിലും അവ ഏറ്റെടുത്ത് പാവപ്പെട്ടവർക്ക് വിതരണം ചെയ്യും. ഭൂപരിഷ്ക്കരണ നിയമം പൂർണ്ണ ആർജ്ജവത്തോടെ നടപ്പിലാക്കിയതിൽ ചാരിതാർത്ഥ്യമുണ്ട്. എൽ.ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 13 ഏക്കർ മിച്ചഭൂമിയുണ്ടായിരുന്നത് ഇപ്പോൾ 950 ഏക്കറായിട്ടുണ്ട്. അതിൽ 650-700 ഏക്കർ ഭൂമി ജില്ലാ കളക്ടർമാർ വിതരണയോഗ്യമാക്കി താലൂക്ക്, വില്ലേജ് തിരിച്ച് പത്രങ്ങളിൽ പരസ്യപ്പെടുത്തിയതനുസരിച്ച് ധാരാളം അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്. ലാന്റ് ട്രിബ്യൂണൽ കേസ്സുകളുടെ നടപടിക്രമം അനുസരിച്ചേ ഭൂമി ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. വർഷത്തിൽ രണ്ട് പ്രാവശ്യമാണ് ലാന്റ് ട്രിബ്യൂണൽ കൂടി കേസ്സുകൾ പരിഗണിച്ചിരുന്നതെങ്കിൽ ഈ വർഷംമുതൽ അത് ആഴ്ചയിൽ ഒരു പ്രാവശ്യം കൂടാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലാന്റ് ട്രിബ്യൂണൽ കേസ്സുകൾ ആറ് മാസംകൊണ്ട് എടുത്ത് തീർക്കാം. അപ്പീൽ പോയാൽ ആ കേസ്സുകൾ വീണ്ടും നടത്താം. കണ്ണൂർ ജില്ലയിലെ വടക്കേക്കളത്തും ആര്യങ്കോട്ടും ഉള്ള ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് കക്ഷിനേതാക്കൾ ഉൾപ്പെടെ ചർച്ച ചെയ്യേണ്ടതാണ്. അത്തരം കേസ്സുകളെല്ലാം പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കും. റീസർവ്വേ സംബന്ധിച്ച് ഇൻഡ്യാ ഗവൺമെന്റുമായി

ചർച്ച ചെയ്തപ്പോൾ സഹായകരമായ നിലപാട് ഉണ്ടാവുകയും കേരള ഗവൺമെന്റുമായി എം.ഒ.യു. ഒപ്പിടാൻ അവർ തയ്യാറാവുകയും ചെയ്തിട്ടുണ്ട്. എം.ഒ.യു ഒപ്പിട്ടാൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് സമയപരിധിക്കുള്ളിൽ റീസർവ്വേ നടപടികൾ പൂർത്തീകരിക്കാൻ കഴിയും. തിരുവനന്തപുരത്ത് തൈക്കാട് വില്ലേജിൽ റീസർവ്വേ സംബന്ധിച്ച് എതിർപ്പുകളുണ്ടായിരുന്നെങ്കിലും അതെല്ലാം പരിഹരിച്ച് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. സർവ്വേ ഡിപ്പാർട്ട്മെന്റിൽ 750-ഓളം ജീവനക്കാരെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ അപ്രന്റീസുമാരെക്കൂടി നിയമിക്കുമ്പോൾ റീസർവ്വേ നടപടികളുമായി മുന്നോട്ടുപോകാൻ കഴിയും. ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ഭൂമി സംബന്ധിച്ച് നിയമപരമല്ലാത്ത നടപടികളുമായി മുന്നോട്ടുപോകാൻ പറ്റില്ല. പി. വി. അബ്ദുൾവഹാബ് എം. പി. യുടെ കൈവശമുള്ള അനധികൃത കയ്യേറ്റഭൂമിയും മദുരാ കോട്സിന്റെ ഭൂമിയും പാത്രക്കുളവും തിരിച്ചുപിടിക്കണമെന്നുള്ളത് സഭയുടെ പൊതു അഭിപ്രായമാണ്. കേരളത്തിന്റെ സമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി റദ്ദാക്കേണ്ടവ റദ്ദാക്കുകയും കോടതിയിൽ കേസ്സുകളുള്ളതും മറ്റ് തടസ്സങ്ങളുള്ളതുമായ ഭൂമിയെ സംബന്ധിച്ച് നിയമനിർമ്മാണം ആവശ്യമെങ്കിൽ അതിനെക്കുറിച്ചും ആലോചിക്കേണ്ടതാണ്. ഗോൾഫ് ക്ലബ്ബ് ഏറ്റെടുക്കുമെന്ന തീരുമാനം ഗവൺമെന്റ് മേയ് 31-ാം തീയതിയിലെ ക്യാബിനറ്റ് മീറ്റിംഗിലെടുത്തതാണ്. ഗവൺമെന്റിന്റെ ഇച്ഛാശക്തിയോടുകൂടിയുള്ള പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് ഗോൾഫ് ക്ലബ്ബ് പോലുള്ള സർക്കാർ ഭൂമി ഏറ്റെടുത്ത് സംരക്ഷിക്കാൻ തീരുമാനിച്ചത്. കോടതിയിൽ ഗവൺമെന്റ് സെക്രട്ടറി

കൊടുത്ത അഫിഡവിറ്റിൻമേൽ 30-ാം തീയതി കേസ് വച്ചിരിക്കുകയാണ്. അത് സംബന്ധിച്ച് കൗണ്ടർ അഫിഡവിറ്റ് സ്റ്റേറ്റ്മെന്റ് കൊടുക്കുന്നതാണ്. കേസ് സമർത്ഥമായി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. താൽക്കാലികമായി താക്കോൽ തിരിച്ചു കൊടുത്തെങ്കിലും കേസ് നടത്തി ഗോൾഫ് ക്ലബ്ബ് തിരിച്ചുപിടിക്കും, ഗവൺമെന്റിന്റെ തീരുമാനങ്ങൾ നടപ്പിലാക്കും. അതിനാവശ്യമായ തീരുമാനം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എടുത്തിട്ടുണ്ട്. ക്യാബിനറ്റ് എടുത്ത തീരുമാനം നടപ്പിലാക്കും. 1100 കോടി രൂപയുടെ സമ്പത്ത് നശിപ്പിക്കാൻ ഈ ഗവൺമെന്റ് അനുവദിക്കില്ല. യഥാസമയം ഗവൺമെന്റിന്റെ അഡ്വക്കേറ്റ് ജനറൽ കേസ് നടത്തും.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : ഗോൾഫ് ക്ലബ്ബിന്റെ കാര്യത്തിൽ കോടതിയിൽ സമർപ്പിച്ച ഔദ്യോഗിക അഫിഡവിറ്റ് ഏതാണെന്ന് വ്യക്തമാക്കാത്തതിൽ പ്രതിഷേധിച്ച് ശേഷിക്കുന്ന സഭാനടപടികൾ ബഹിഷ്ക്കരിക്കുകയാണ്.

(പ്രതിപക്ഷം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്ക്കരിച്ചു)

ശ്രീ. കെ. പി. രാജേന്ദ്രൻ: ഗോൾഫ് ക്ലബ്ബ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് 30-ാം തീയതി അഡീഷണൽ അഡ്വക്കേറ്റ് ജനറൽ കോടതിയിൽ അഫിഡവിറ്റ് ഹാജരാക്കി ഗോൾഫ് ക്ലബ്ബിന്റെ സ്ഥലം ഗവൺമെന്റിൽ നിക്ഷിപ്തമാക്കാനുള്ള നടപടി സ്വീകരിക്കും. 30-ാം തീയതി മുഖ്യമന്ത്രി, ബന്ധപ്പെട്ട സെക്രട്ടറിമാർ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, അഡ്വക്കേറ്റ് ജനറൽ എന്നിവർ ചേർന്ന് അതിനാവശ്യമായ നടപടികൾ സ്വീകരിക്കും. നിലവിലുള്ള ഭൂസംരക്ഷണ നിയമപ്രകാരം ഭൂമി കയ്യേറിയാൽ കാര്യമായ ശിക്ഷണ നടപടികളില്ല. അതിനാൽ ശിക്ഷണനടപടികളുടെ കൂട്ടത്തിൽ ഇതിന്

കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥരുടെപേരിൽക്കൂടി നടപടി സ്വീകരിക്കുന്നതിനായി നിലവിലുള്ള നിയമത്തിൽ ആവശ്യമായ ഭേദഗതി കൊണ്ടുവരണം. നിലവിലുള്ള നിയമത്തിൽ തോട്ടങ്ങളെല്ലാം ടൂറിസം ആവശ്യങ്ങൾക്ക് കൊടുക്കാമെന്ന് പറയുന്നുണ്ടെങ്കിലും അതിന് കേന്ദ്ര ഗവൺമെന്റ് അനുവാദം കൊടുത്തിട്ടില്ല. കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനോട് അത് സംബന്ധിച്ച് അഭിപ്രായം ആരായുകയും തോട്ടങ്ങൾ മറിച്ച് വിൽക്കാനോ ടൂറിസം, ഹോട്ടൽ തുടങ്ങിയ ആവശ്യങ്ങൾക്ക് കൊടുക്കാനോ പാടില്ല എന്ന അഭിപ്രായം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ചില ഇളവുകളിന്മേൽ പ്ളാന്റേഷനുകൾക്കും യൂണിവേഴ്സിറ്റികൾക്കും കൊടുത്തിട്ടുള്ള ഭൂമി ദുരുപയോഗം ചെയ്യാൻ പാടില്ല എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.. മാഫിയകളുടെയും ട്രസ്റ്റുകളുടെയും കൈവശമുള്ള ഗവൺമെന്റ് ഭൂമി ഏറ്റെടുക്കാൻ ഒരു ഉപസമിതിയെ തീരുമാനിക്കുകയും റവന്യൂ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുമായി വിശദമായ ചർച്ചകൾ നടത്തി കർശനമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. റവന്യൂ വകുപ്പിനെ സ്ട്രെങ്തൻ ചെയ്ത് മുന്നോട്ടുപോകാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. ഭൂമി തട്ടിപ്പ് ധാരാളം നടക്കുന്ന സാഹചര്യത്തിൽ ഇതിനെ ശക്തമായി നേരിടാൻ കഴിയുന്ന തരത്തിൽ വിജിലൻസ് ഇൻസ്പെക്ഷൻ വിംഗ് 14 ജില്ലകളിലും ജില്ലാകളക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. മിച്ചഭൂമി സംരക്ഷിക്കുന്ന കാര്യത്തിൽ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, വില്ലേജ് ഓഫീസർ, ജീവനക്കാർ ഇവരിൽ ആരാണോ വീഴ്ച വരുത്തുന്നത്, അവരുടെ പേരിൽ കർശന

നടപടികളെടുക്കും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സഭയിൽ ഇല്ലാതിരുന്നതിനാൽ അവ വോട്ടിനിട്ടില്ല.

കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V–ാം നമ്പർ ധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI–ാം നമ്പർ ധനാഭ്യർത്ഥനയും ജില്ലാ ഭരണവും പലവകയും എന്ന XI–ാം നമ്പർ ധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI–ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 4.28-ന് പിരിഞ്ഞു).